04
തിങ്കൾ
ഏപ്രിൽ 2022
1197 മീനം 21
Vol 4 Issue No115

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com



## പാക്കിസ്ഥാൻ പാർലമെന്റ് പിരിച്ചുവിട്ടു

**ഇസ് ലാമാബാദ്:** പ്രധാനമന്ത്രി ഇമ്രാൻ ഖാന്റെ ശുപാർശയ്ക്ക് പിന്നാലെ പ്രസിഡന്റ് ആരിഫ് അൽവി പാക്കിസ്ഥാൻ പാർലമെന്റ് പിരിച്ചുവിട്ടു. മന്ത്രിസഭയും പിരിച്ചുവിട്ടുവെന്ന് വാർത്താവിതരണമന്ത്രി ഫവാദ് ചൗധരി അറിയിച്ചു. ഭരണഘടനാപരമായ ചുമതലകൾ പ്രധാനമന്ത്രി പദവിയിൽ ഇരുന്ന് ഇമ്രാൻ ഖാൻ തുടരും. 90 ദിവസത്തിനകുള്ളിൽ പൊതുതിരഞ്ഞെടുപ്പ് നടക്കുമെന്നും ഫവാദ് ചൗധരി പറഞ്ഞു. പാർലമെന്റിൽ തനിക്കെതിരെ അവിശ്വാസ പ്രമേയ വോട്ടെടുപ്പ് തള്ളിയതിനു പിന്നാലെയാണ് സഭ പിരിച്ചുവിടാൻ ഇമ്രാൻ ഖാൻ പ്രസിഡന്റിനോടു ശുപാർശ ചെയ്തത്. തിരഞ്ഞെടുപ്പ് ഉടൻ നടത്തുമെന്നും അറിയിച്ച ഇമ്രാൻ ഖാൻ, തിരഞ്ഞെടുപ്പിന് ഒരുങ്ങാൻ അണികളോട് ആഹ്വാനം ചെയ്തു. അവിശ്വാസ പ്രമേയം വിദേശ ഗൂഢാലോചനയുടെ ഭാഗമാണെന്നും അദ്ദേഹം ആരോപിച്ചു. പാക്ക് പാർലമെന്റിൽ ഇമ്രാനെതിരായ അവിശ്വാസ വോട്ടെടുപ്പ് സഭ നിയന്ത്രിച്ച ഡെപ്യൂട്ടി സ്പീക്കർ ഖാസിം ഖാൻ സൂരി അനുവദിച്ചിരുന്നില്ല. ഏപ്രിൽ 25വരെ വോട്ടെടുപ്പ് അനുവദിക്കാനാകില്ലെന്നും ദേശീയ സുരക്ഷ മുൻനിർത്തിയാണ് തീരുമാനമെന്നും ഡെപ്യൂട്ടി സ്പീക്കർ വ്യക്തമാക്കി. പിന്നാലെ പ്രതിപക്ഷാംഗങ്ങൾ സഭയ്ക്കുള്ളിൽ പ്രതിഷേധിക്കുകയും സുപ്രീം കോടതിയെ സമീപിക്കുമെന്ന് അറിയിക്കുകയും ചെയ്തു





## സോണിയ ഗാന്ധി–ചെന്നിത്തല കൂടിക്കാഴ്ച ഇന്ന്

ഡൽഹി : കോൺഗ്രസ് അധ്യക്ഷ സോണിയ ഗാന്ധിയുമായി രമേശ് ചെന്നിത്തല നാളെ കൂടിക്കാഴ്ച നടത്തും. സംസ്ഥാന കോൺഗ്രസിൽ തനിക്കെതിരെ നടക്കുന്ന നീക്കം രമേശ് ചെന്നിത്തല സോണിയ ഗാന്ധിയുടെ ശ്രദ്ധയിൽപ്പെടുത്തും. ഐഎൻടിയുസി കലാപത്തിനും മാണി സി കാപ്പന്റെ പ്രതിഷേധത്തിനും പിന്നിൽ ചെന്നിത്തലയാണെന്ന പരാതി സതീശൻ വിഭാഗവും കേന്ദ്ര നേതൃത്വത്തെ ധരിപ്പിച്ചിട്ടുണ്ട്.അതേസമയം പ്രതിപക്ഷ നേതാക്കളുടെ സംഗമ വേദിയായി ഡൽഹിയിലെ ഡിഎംകെ ഓഫീസിന്റെ ഉദ്ഘാടനച്ചടങ്ങ്. കോൺഗ്രസ് അധ്യക്ഷ സോണിയാ ഗാന്ധി, സമാജ് വാദി പാർട്ടി നേതാവ് അഖിലേഷ് യാദവ്, സിപിഎം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി, നാഷണൽ കോൺഫറൻസ് നേതാവ് ഫാറൂഖ് അബ്ദുല്ല തുടങ്ങിയ നിരവധി നേതാക്കൾ വേദിയിൽ ഒന്നിച്ചു.തൃണമൂൽ കോൺഗ്രസ്, ടിഡിപി, സിപിഐ, ബിജെഡി, ശിരോമണി അകാലിദൾ നേതാക്കളും ചടങ്ങിനെത്തിയിരുന്നു. തമിഴ്നാട് മുഖ്യമന്ത്രി എംകെ സ്റ്റാലിന്റെ നേതൃത്വത്തിൽ സോണിയാ ഗാന്ധിയാണ് ഓഫീസിന്റെ ഒരുഭാഗം ഉദ്ഘാടനം ചെയ്തത്.






## സിൽവർ ലൈൻ; സമരം ശക്തമാക്കാൻ യുഡിഎഫ് യോഗം ഈ മാസം 8 ന്

തിരുവനന്തപുരം : സിൽവർ ലൈനെതിരായ തുടർ പ്രക്ഷോഭം ചർച്ച ചെയ്യാൻ യുഡിഎഫ് യോഗം വിളിച്ചു. ഈ മാസം എട്ടിന് പ്രതിപക്ഷ നേതാവ് വി ഡി സതീശന്റെ വസതിയിലാണ് യോഗം ചേരുക. വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സന്തുലനത്തോടെ നടപ്പിലാക്കുന്ന ആധുനിക രീതി ലോകമ്പാടും സ്വീകരിക്കുമ്പോൾ കേരളത്തിന്റെ പരിസ്ഥിതിയെ തകർക്കുന്ന വികസന പ്രക്രിയയുമായി സിപിഐഎം കാലത്തിനു പിന്നേ നടക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ആരോപിച്ചിരുന്നു.കേരളത്തിന്റെ പരിസ്ഥിതിയെ തകർക്കുന്ന കെ റെയിൽ പദ്ധതിയെ ജനഹിതത്തോടൊപ്പം നിന്ന് എതിർക്കുന്ന കോൺഗ്രസാണ് ശരിയെന്ന് കാലം തെളിയിക്കുമെന്ന് സതീശൻ പറഞ്ഞിരുന്നു. അതേസമയം സംസ്ഥാനത്തെ മൂന്ന് ജില്ലകളിലെ സിൽവർലൈൻ സാമൂഹികാഘാത പഠനം താൽകാലികമായി നിർത്തിവച്ചിരിക്കുകയാണ് . എറണാകുളം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ അതിരടയാളക്കല്ലിടലാണ് നിർത്തിവച്ചത്. ഈ ജില്ലകളിൽ സാമൂഹികാഘാത പഠനം നടത്തുന്ന രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസിന്റേതാണ് തീരുമാനം. ഇക്കാര്യം രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസ് റവന്യൂ വകുപ്പിനെ അറിയിച്ചു. സർക്കാരിന്റെ തീരുമാനം അറിഞ്ഞ ശേഷം തുടർ നടപടി സ്വീകരിക്കാനാണ് തീരുമാനം. ജനങ്ങളുടെ നിസഹരണം തുടരുന്നതിനാൽ പഠനം മുന്നോട്ടു കൊണ്ടുപോകാനാകുന്നില്ലെന്ന് രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസ് പറയുന്നു . പദ്ധതി മേഖലയിലെ താമസക്കാരിൽ നിന്ന് ചോദ്യാവലി പ്രകാരം വിവരങ്ങൾ തേടേണ്ടതുണ്ട്. അവരുടെ ആശങ്കകൾ കേൾക്കണം. എന്നാൽ ജനങ്ങളുടെ എതിർപ്പ് തുടരുന്നതിനാൽ നിലവിൽ പഠനം അപ്രായോഗികമാണ്. രാജഗിരിയുടെ പഠന സംഘത്തെ ഇന്നലെ എറണാകുളത്ത് തടഞ്ഞിരുന്നു, ഈ സാഹചര്യത്തിലാണ് പഠനം നടത്തുന്നതിലെ ബുദ്ധിമുട്ട് എറണാകുളം ജില്ലാ കലക്ടർ മുഖേന സർക്കാരിനെ അറിയിച്ചത്.




## സ്റ്റാലിൻ മികച്ച മുഖ്യമന്ത്രിയാണെന്ന് പറഞ്ഞിട്ടില്ല ; യെച്ചൂരി


**ദില്ലി :** സിൽവർ ലൈൻ പദ്ധതി പാർട്ടി പിന്നീട് ചർച്ച ചെയ്യുമെന്ന് സിപിഎം ജനറൽ സെക്രട്ടറി സിതാറാം യെച്ചൂരി. നിലവിൽ പദ്ധതി പ്രാരംഭഘട്ടത്തിൽ മാത്രമാണെന്നും യാഥാർത്ഥ്യമാകണമെങ്കിൽ കേന്ദ്രാനുമതി വേണമെന്നും യെച്ചൂരി വ്യക്തമാക്കി. സിൽവർ ലൈൻ പദ്ധതിയെകുറിച്ചുള്ള പ്രാഥമിക ചർച്ചകളാണ് നടക്കുന്നത്. എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരികയെന്നതിലടക്കം വ്യക്തതയായിട്ടില്ല. അതിന്മേലുള്ള പഠനങ്ങൾ പുരോഗമിക്കുകയാണ്. ഇപ്പോൾ നടക്കുന്നത് പ്രചാരണങ്ങളുടെ അടിസ്ഥാനത്തിലുള്ള ചർച്ചകളാണെന്നും യെച്ചൂരി കുറ്റപ്പെടുത്തി. ദേശീയ തലത്തിലെ വിശാല മതേതര കൂട്ടായ്മയിൽ കോൺഗ്രസുമുണ്ടാകണമെന്നും യെച്ചൂരി ആവർത്തിച്ചു. തെരഞ്ഞെടുപ്പിന് ശേഷമേ സിപിഎം ഏതെങ്കിലും സഖ്യത്തിൽ ചേരുകയുള്ളൂ. കേരളത്തിൽ നയവ്യതിയാനമുണ്ടാകുമെന്ന് കരുതുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പിബിയിൽ ദളിത് പ്രാതിനിധ്യമില്ലെന്നത് പരിഹരിക്കാൻ ശ്രമിക്കും. പാർട്ടി സമിതികളിൽ സ്ത്രീ പ്രാതിനിധ്യം വർധിപ്പിക്കും. സ്ത്രീ സംവരണത്തിലും പാർട്ടി കോൺഗ്രസിൽ തീരുമാനമുണ്ടാകും. സമിതിയിൽ ഇരുപത് ശതമാനമെങ്കിലും സ്ത്രീ പ്രാതിനിധ്യമുണ്ടാകണമെന്നാണ് കരുതുന്നതെന്നതെന്നും യെച്ചൂരി അഭിപ്രായപ്പെട്ടു. കേന്ദ്ര കമ്മിറ്റിയിൽ പിണറായി വിജയന് പ്രായ ഇളവു നൽകും. മുതിർന്ന നേതാക്കൾക്ക് പ്രായ പരിധിയിൽ ഇളവ് അനുവദിക്കുന്നതിൽ അന്തിമ തീരുമാനം പാർട്ടി കോൺഗ്രസിൽ ഉണ്ടാകുമെന്നും യെച്ചൂരി വ്യക്തമാക്കി. സ്റ്റാലിൻ മികച്ച മുഖ്യമന്ത്രിയെന്ന് പറഞ്ഞിട്ടില്ല. കേരളാ മുഖ്യമന്ത്രി പിണറായി വിജയൻ മികച്ച മുഖ്യമന്ത്രിയായതിനാലാണ് രണ്ടാം തവണയും തെരഞ്ഞെടുക്കപ്പെട്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



## വ്യാഴാഴ്ച വരെ കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴ

തിരുവനന്തപുരം: വ്യാഴാഴ്ച വരെ കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. ഉച്ചക്ക് 2 മണി മുതൽ രാത്രി 10 മണിവരെയുള്ള സമയത്ത് ഇടിമിന്നലിനുള്ള സാധ്യത കൂടുതലാണെന്നും കാർമേഘം കണ്ട് തുടങ്ങുന്ന സമയം മുതൽ തന്നെ മുൻകരുതൽ സ്വീകരിക്കേണ്ടതാണെന്നും കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പിൽ പറയുന്നുമനുഷ്യന്റെയും മൃഗങ്ങളുടെയും ജീവനും വൈദ്യുത -ആശയവിനിമയ ശൃംഖലകൾക്കും വൈദ്യുത ചാലകങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള വീട്ടുപകരണങ്ങൾക്കും വലിയ നാശനഷ്ടം സൃഷ്ടിക്കുന്ന ഇടിമിന്നൽ സമയത്ത് പാലിക്കേണ്ട ജാഗ്രത നിർദ്ദേശങ്ങൾ കാലാവസ്ഥ വകുപ്പ് പുറത്തുവിട്ടു.





## പ്രശസ്ത സിനിമ – നാടക നടൻ കൈനകരി തങ്കരാജ് അന്തരിച്ചു

ആലപ്പുഴ : പ്രശസ്ത ചലച്ചിത്ര-നാടക നടൻ കൈനകരി തങ്കരാജ് (77) അന്തരിച്ചു. കൊല്ലം കേരളപുരം വേലം കോണത്ത് സ്വദേശിയാണ്. പ്രശസ്ത നാടക പ്രവർത്തകൻ കൃഷ്ണൻകുട്ടി ഭാഗവതരുടെ മകനാണ്.ഹോം, ഇ മ യൗ , ലൂസിഫർ എന്നി ചിത്രങ്ങളിലെ വേഷങ്ങൾ ശ്രദ്ധ നേടി. ഇന്നലെ ഉച്ച തിരിഞ്ഞ് കേരളപുരത്തെ സ്വവസതിയിലായിരുന്നു അന്ത്യം. സംസ്കാരം നാളെ രാവിലെ 9 ന് വീട്ടുവളപ്പിൽ നടക്കും. പ്രേം നസീർ നായകനായി എത്തിയ ആനപ്പാച്ചൻ ആയിരുന്നു ആദ്യ ചിത്രം.ചിത്രത്തിൽ പ്രേംനസീറിന്റെ അച്ഛനായിട്ടായിരുന്നു അഭിനയിച്ചത്. ഈ ചിത്രത്തിനുശേഷം അച്ചാരം അമ്മിണി ഓശാരം ഓമന,ഇതാ ഒരു മനുഷ്യൻ, തുടങ്ങിയ ചിത്രങ്ങളിൽ അഭിനയിച്ചു. അതിനുശേഷം വീണ്ടും കെപിഎസിയുടെ നാടകഗ്രൂപ്പിൽ ചേർന്നു.എന്നാൽ ഏറെ നാൾ കഴിയുന്നതിനു മുൻപു തന്നെ നാടകപ്രവർത്തനം മതിയാക്കി വീണ്ടും സിനിമയിൽ സജീവമായി. 10,000 വേദികളിൽ പ്രധാന വേഷങ്ങളിൽ തിളങ്ങിയ ആപൂർവ്വം നാടകനടന്മാരിൽ ഒരാളായ തങ്കരാജ് കെഎസ്ആർടിസിയിലെയും കയർബോർഡിലെയും ജോലി ഉപേക്ഷിച്ചായിരുന്നു അഭിനയത്തിലേക്ക് കടന്നുവന്നത്.ഇടക്കാലത്ത് നാടകരംഗത്തു നിന്നും വിലക്ക് ഏർപ്പെടുത്തിയപ്പോളായിരുന്നു സിനിമയിലേക്കുള്ള വരവ്.

02
04 തിങ്കൾ മാർച്ച് 2022

കേരള പ്രണാമം

editorialkeralapranamam@gmail.com

സത്യം വദ: ധർമ്മം ചര:

## നേർക്കാഴ്ച

> ഇന്നു ചെയ്യുന്ന പ്രവർത്തിയെ ആശ്രയിച്ചിരിക്കും നിങ്ങളുടെ ഭാവി
>
> മഹാത്മാ ഗാന്ധി



## ബലി കൊടുക്കുന്നത് പാപമോ?

മാംസ ഭുക്കുകളും സസ്യഭുക്കുകളും മിശ്രഭുക്കുകളും നിറഞ്ഞതാണ് ലോകം. എന്ത് ആഹാരമായി അകത്താക്കണമെന്നത് അവനവന്റെ ദേഹത്തിന്റെയും ശീലത്തിന്റെയും ഭാഗമാണ്. ഞങ്ങൾ കഴിക്കുന്നത് മാത്രമാണ് ശ്രേഷ്ഠമെന്ന് വാദിക്കുന്നതിന്റെ അടിസ്ഥാനമെന്താണ്? ജീവനുള്ളവയെ കൊന്ന് തിന്നുന്നത് പാപമല്ലേ എന്ന ചോദ്യമുയരാം. ഈ ജീവൻ പക്ഷിമൃഗാദികളിൽ മാത്രമേയുള്ളു എന്ന ചോദ്യത്തിന് ആര് ഉത്തരം നൽകും. പശുവിന്റെ പാൽ കറന്നെടുത്ത് വെണ്ണയാക്കി കഴിക്കുന്നതിൽ തെറ്റില്ല ഒരു കൂട്ടർക്ക്. മനുഷ്യൻ ജീവൻ നില നിറുത്തുവാൻ അവന് ഇഷ്ടമായതെല്ലാം ഭക്ഷിക്കാമെന്നത് തന്നെയാണ് എന്ത് ഭക്ഷിക്കണമെന്നതിനുള്ള ഉത്തരം.ആദിവാസികൾ വേട്ടയാടി ജീവിക്കുന്നവരായിരുന്നു. വേട്ടയാടൽ പ്രാകൃത നിയമമെന്ന് പരിഷ്കൃതർ കണ്ടെത്തിയപ്പോൾ അത് അവർക്ക് ഒരു ദിവസത്തേക്ക് ഒതുക്കേണ്ടി വന്നു.ജീവികളുടെ പ്രജനനവുമായി ബന്ധപ്പെട്ട് ഇതിനെ കാണുവാൻ കഴിയുമോ? എല്ലാത്തിനെയും വിശുദ്ധമായി വാഴിച്ചപ്പോൾ മരണമില്ലാത്ത അവസ്ഥ സംജാതമാകും. അവിടെ എന്താ സംഭവിക്കാ ഇവയെ സംരക്ഷിക്കുക എന്നത് വലിയ സാമ്പത്തിക നഷ്ടം വരുത്തുന്നതായി മാറും. ഭൂമിയിലെ ആവാസ വ്യവസ്ഥയിലെ സംതുലിതാവസ്ഥ നിലനിർത്തണമെങ്കിൽ എല്ലാവരെയും സംരക്ഷിക്കുകയല്ല, ഒരു കാലം കഴിയുമ്പോൾ ജീവിച്ച് മരിച്ച് പോകുന്നതാണ് രീതി. അങ്ങനെ സംഭവിക്കാത്ത അവസ്ഥ ഉണ്ടായാൽ എന്തായിരിക്കും ഫലം? അത് എല്ലാവരുടെയും നില നിൽപ്പിനെ തന്നെ ബാധിക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചേരും. ഒന്ന് ചീഞ്ഞാലെ മറ്റൊന്നിന് വളമായി തീരു.

സമൂഹത്തിന്റെ, അക്രമവാസനയുടെ സേഫ്റ്റി വാൽവായി ബലി കൊടുക്കലിനെ കാണുവാൻ കഴിയുമോ? മനുഷ്യരിലുള്ള മൃഗീയ വാസനയുടെ തുറന്ന് വിടലായി ഇതിനെ കാണുവാൻ കഴിയുമോ? 365 ദിവസം അനുഷ്ഠിച്ച് കൊണ്ടിരിക്കുന്ന അക്രമവാസനയെ ഈ ഒറ്റ ദിവസത്തിലേക്ക് ചുരുക്കി ബലിയേകി കൊണ്ട് തുറന്ന് വിടുന്നതെന്ന് പറയുവാൻ സാധിക്കുമോ? ഒട്ടുമിക്കവർക്കും ഭക്ഷണമായി തീരുന്ന പക്ഷിമൃഗാധികളെ കൊല്ലാതെ തിന്നുവാൻ പറ്റുകയില്ലെന്നത് വസ്തുത. പ്രതീതിക്കായി ഇവിടെ ബലിയേകുമ്പോൾ അതിന് ശേഷം ആർക്കാണ് അത് അന്നമായി തീരുന്നത്.കാവുകളെ നമുക്ക് അന്ധവിശ്വാസത്തിന്റെ പേരിൽ വെട്ടി നിരത്തി വിഷജന്തുക്കളുടെ ഉപദ്രവങ്ങളിൽ നിന്നും രക്ഷനേടാമെന്ന് പറയുമ്പോൾ കാവുകൾ പ്രകൃതിയുടെ പച്ചപ്പും ശുദ്ധവായുവും നൽകുന്നതിൽ വഹിക്കുന്ന പങ്ക് വലുതാണ്. അത് വെട്ടി നശിപ്പിക്കുന്നതിലൂടെ തകരുന്ന ഒരു ആവാസവ്യവസ്ഥയുണ്ട്. അത് കാണാതെ, നിലനിൽപ്പിന്റെ പരിഗണന നൽകാതെ നശിപ്പിക്കുന്നതിനെയാണ് എതിർക്കേണ്ടത്. ഇതിനെ മറ്റൊരു തരത്തിൽ ആചാരത്തിന്റെ പ്രശ്നമുയർത്തിക്കൊണ്ട് ഭക്തിമാർഗ്ഗത്തിന്റെ എക്സ്ട്രീമിൽ ദുരുപയോഗം ചെയ്യുന്നതാണ് എതിർക്കപ്പെടേണ്ടത്. നമ്മൾ എത്രയെല്ലാം സംരക്ഷണമൊരുക്കിയാലും മരണമെന്നത് യാഥാർത്ഥ്യമാണ്. അതിനെ മറികടക്കുക എന്നത് കഴിയാത്ത കാര്യമാണ്.വിശ്വാസങ്ങളിലെ യുക്തിയെ പരിശോധിക്കുമ്പോൾ അതിലൂടെ ഭൂമിക്കും മനുഷ്യർക്കും ഉപകാരപ്രദമായി വർത്തിക്കുന്ന എലമെന്റുണ്ടോയെന്ന് തന്നെയാണ് ആദ്യ പരിഗണന വേണ്ടത്. എതിർപ്പുകൾ ഏത് കാര്യത്തിൽ നിന്നുമുയരാം. ആ എതിർപ്പിന്റെ അടിസ്ഥാനത്തിൽ നിന്നു മാത്രമേ എന്തിനെ എതിർക്കണമെന്ന തീരുമാനത്തിലേക്ക് എത്തിച്ചേരേണ്ടത്.എല്ലാം തികഞ്ഞവരല്ല മനുഷ്യർ അവനിൽ കുറ്റവും കുറവുകളും ധാരാളമുണ്ട്. അവനിൽ ഒരു പരിധി വരെ ഉയർന്ന് നിൽക്കുന്നത് മൃഗീയ വാസനയാണ്. അത്തരം വാസ കൾക്ക് തടയിടുവാൻ ഒരു ദിവസത്തെ ഈ ആചാരത്തിനാകുമെങ്കിൽ എന്താണ് പ്രശ്നം.മറ്റുള്ളവരുടെ കണ്ണിൽ ശരികേടായി തീരുന്നത് അത് അവരുടെ ശരികേടുകളുടെ മാത്രം നിലപാടിലാണ് അത് ഒരു സമൂഹത്തിന്റെ ശരികേടാക്കി മാറ്റുന്നതാണ് തെറ്റ്. എല്ലാവരെയും എല്ലാക്കാലത്തും തൃപ്തിപ്പെടുത്തിക്കൊണ്ട് ഒന്നും ചെയ്യുവാൻ കഴിയില്ല. അങ്ങനെ വാശി പിടിക്കുന്നതും ശരിയല്ല. ശരികേടുകളിലും ശരികളിലും സത്യമുണ്ടെന്ന ബോധ്യമാണ് തിരിച്ചറിയേണ്ടത്.



# ദുരന്ത നഗരമായി കീവ് :ഒന്നിച്ച് സംസ്കരിച്ചത് 280 പേരെ

കീവ്: യുക്രൈൻ റഷ്യ യുദ്ധത്തിൽ ദുരന്ത നഗരമായി കീവ്. കീവിലെ ബുച്ചയിൽ നിന്ന് മാത്രമായി മുന്നൂറോളം മൃതദേഹങ്ങളാണ് കണ്ടെത്തിയത്. റഷ്യൻ സൈന്യത്തിൽ നിന്ന് യുക്രൈൻ സൈന്യം കീവിന്റെ പല പ്രദേശങ്ങളും തിരിച്ചു പിടിച്ചിരുന്നു. ഇതിന് പിന്നാലെയാണ് നഗരത്തിലെ വഴിയോരങ്ങളിലും മൃതദേഹങ്ങൾ ചിതറിക്കിടക്കുന്നത് കണ്ടെത്തിയത്. നിരത്തുകളിൽ കിടന്നിരുന്ന 280 മൃതദേഹങ്ങൾ ശ്മശാനത്തിൽ കൂട്ടിയിട്ട് കത്തിച്ചതായി മേയർ അനറ്റൊലി ഫെഡറുക് പറഞ്ഞതായി എ.എഫ്.പി റിപ്പോർട്ട് ചെയ്യുന്നു. വൻ തോതിൽ നാശനഷ്ടങ്ങൾ വരുത്തിയ നഗരത്തിൽ ശവങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുകയാണെന്നും അനറ്റൊലി പറഞ്ഞു. മരിച്ചു കിടന്നവരിൽ പലർക്കും പിന്നിൽ നിന്നാണ് വെടിയേറ്റതെന്ന് ഫെഡറുക് പറയുന്നു. ഭീതിയോടെ റഷ്യൻ സൈന്യത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഓട്ടത്തിനിടയിൽ സാധാരണക്കാരായവർക്ക് നേരെ റഷ്യൻ സൈന്യം തുരുതുരാ വെടിയുതിർത്തതായിരിക്കാം എന്നാണ് റിപ്പോർട്ട്. കണ്ടെടുത്ത മൃതദേഹങ്ങളിൽ പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടുന്നുവെന്നും ഇതിൽ 14 വയസ്സുള്ള കുട്ടിയുടെ മൃതദേഹവും കണ്ടെത്തിയിട്ടുണ്ടെന്നും ഫെഡറുക് കൂട്ടിച്ചേർത്തു. തങ്ങളുടെ പക്കൽ ആയുധങ്ങളൊന്നും ഇല്ല എന്നറിയിക്കാൻ വേണ്ടി പലരും കൈകളിൽ വെളുത്ത ബാൻഡേജ് ചുറ്റിയിട്ടുണ്ടായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

നഗരം തകർന്നു തരിപ്പണമായ രീതിയിലാണ്. അവശിഷ്ടങ്ങൾ മാത്രമായി കെട്ടിടങ്ങൾ മാറി. കാറുകളിൽ മൃതദേഹങ്ങൾ, പല വീടുകളും തിരിച്ചറിയാത്ത വിധത്തിൽ നിലംപൊത്തിയ, വാഹനങ്ങളുടെ അവശിഷ്ടങ്ങൾ. അങ്ങനെ ഒരു ദുരന്ത നഗരമായി മാറിയിരിക്കുകയാണ് കീവ്. ഇതാണ് റഷ്യൻ അധിനിവേശത്തിന്റെ അനന്തര ഫലമെന്നും യുദ്ധത്തിൽ എത്ര പേരുടെ ജീവൻ നഷ്ടപ്പെട്ടു എന്ന കാര്യത്തിൽ ഇപ്പോൾ ഒന്നും പറയാൻ സാധിക്കില്ലെന്ന് മേയർ വ്യക്തമാക്കി. യുക്രൈനിലെ പള്ളികളും ചരിത്രപ്രാധാന്യമുള്ള കേന്ദ്രങ്ങളുമടക്കം ഒട്ടേറെ സാംസ്കാരികകേന്ദ്രങ്ങൾ റഷ്യൻ ആക്രമണത്തിൽ തകർന്നതായി യുനെസ്കോ അറിയിച്ചു. ഹാർകിവ് നഗരത്തിലാണ് കൂടുതൽ നാശനഷ്ടങ്ങളുണ്ടായത്. തലസ്ഥാനമായ കീവിലും ചെർണീവിലും അഞ്ച് സാംസ്കാരികകേന്ദ്രങ്ങൾവീതം തകർന്നു. അതേസമയം ഇതുവരെ പട്ടണങ്ങളും ഗ്രാമങ്ങളും അടക്കം 30 പ്രദേശങ്ങളിൽനിന്നാണ് യുക്രൈൻ സൈന്യം റഷ്യൻ സൈന്യത്തെ തുരത്തിയത്. യുക്രൈൻ പ്രസിഡന്റിന്റെ ഉപദേഷ്ടാവ് ഒലെക്സി അരെസ്റ്റോവിച്ചിനെ ഉദ്ധരിച്ച് വാർത്താ ഏജൻസികളാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്യുന്നത്. രാജ്യത്തിന്റെ കിഴക്ക്, തെക്ക് ഭാഗങ്ങളിൽ പോരാട്ടം തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു.വിവരങ്ങളനുസരിച്ച് രണ്ടാം ലോക മഹായുദ്ധത്തിന്റെ അന്ത്യത്തിൽ ഡെൻമാർക്കിനോട് നാസികൾ ചെയ്ത അതേ രീതിയാണ് യുക്രൈനോട് റഷ്യ ചെയ്തിരിക്കുന്നതും. രണ്ട് മില്യണോളം വരുന്ന മൈനുകളാണ് നാസിപ്പട ഡെൻമാർക്കിന്റെ പല ഭാഗങ്ങളിലുമായി കുഴിച്ചിട്ടത്. സമാനമാണ് യുക്രൈനിലെ സ്ഥിതിയും. പിന്മാറിയ റഷ്യൻ സൈന്യം പ്രദേശങ്ങളിലെ വീടുകളിലും മൃതദേഹങ്ങളിലും കുഴിബോംബുകൾ ഒളിച്ചുവെച്ചതായാണ് വിവരം. യുക്രൈൻ പ്രസിഡന്റ് സെലൻസ്കിയാണ് ഇത്തരത്തിൽ ഒരു ആരോപണം ഉന്നയിച്ച് രംഗത്തെത്തിയിരിക്കുന്നത്.



## പാക് മുൻ പ്രധാനമന്ത്രി നവാസ് ഷെരീഫിന് നേരെ ആക്രമണം

**ലണ്ടൻ:** മുൻ പാകിസ്ഥാൻ പ്രധാനമന്ത്രി നവാസ് ഷെരീഫ് ലണ്ടനിൽ ആക്രമിക്കപ്പെട്ടതായി റിപ്പോർട്ട്. പാകിസ്ഥാൻ മാദ്ധ്യമപ്രവർത്തകനായ അഹ്മദ് നൂറാനി ടിറ്റിറിലൂടെഇക്കാര്യം അറിയിക്കുകയായിരുന്നു.പാകിസ്ഥാനിലെ ഭരണപക്ഷമായ തെഹ്‌രീക് ഇ ഇൻസാഫ് പാർട്ടി പ്രവർത്തകൻ കഴിഞ്ഞ ദിവസം നവാസ് ഷെരീഫിനെ ആക്രമിച്ചുവെന്നാണ് അഹ്മദ് നൂറാനി അറിയിച്ചത്. ആക്രമണത്തിൽ അദ്ദേഹത്തിന്റെ അംഗരക്ഷകന് പരിക്കേറ്റുവെന്നും അഹ്മദ് വെളിപ്പെടുത്തി.പാകിസ്ഥാൻ പ്രധാനമന്ത്രിയായ ഇമ്രാൻ ഖാനെതിരെ പ്രതിപക്ഷം മുന്നോട്ട് വച്ച അവിശ്വാസ പ്രമേയത്തിൽ വോട്ടെടുപ്പ് നടക്കുന്നതിന് തൊട്ടുമുൻപായിരുന്നു ആക്രമണം നടന്നത്. വോട്ടെടുപ്പ് വിജയിച്ചാൽ നവാസ് ഷെരീഫിന്റെ സഹോദരനും പാകിസ്ഥാൻ മുസ്‌ലിം ലീഗ് നേതാവുമായ ഷെഹ്ബാസ് ഷെരീഫായിരിക്കും അടുത്ത പ്രധാനമന്ത്രി സ്ഥാനത്തേക്ക് പരിഗണിക്കാൻ ഏറ്റവും സാദ്ധ്യതയുള്ളയാൾ.ഭരണപക്ഷത്തിൽ അക്രമത്തിന് ആഹ്വാനം ചെയ്യുന്നവരെ ജയിലിലടക്കണമെന്ന് സംഭവത്തിൽ പ്രതികരിച്ചുകൊണ്ട് നവാസ് ഷെരീഫിന്റെ മകൾ മരിയം പറഞ്ഞു. അക്രമത്തിനുള്ള പ്രകോപനം, പ്രേരണ, രാജ്യദ്രോഹം എന്നീ കുറ്റങ്ങൾക്ക് ഇമ്രാൻ ഖാനെതിരെയും കേസ് എടുക്കണമെന്ന് മറിയം ആവശ്യപ്പെട്ടു.



## ശ്രീലങ്കയിൽ സോഷ്യൽ മീഡിയയ്ക്ക് വിലക്ക്, കർഫ്യൂ തുടരുന്നു

കൊളംബോ: ശ്രീലങ്കയിൽ കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. സോഷ്യൽ മീഡിയയ്ക്ക് വിലക്കേർപ്പെടുത്തി. ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ടിറ്റർ, വാട്സാപ്പ് അടക്കമുള്ള പന്ത്രണ്ടോളം സാമൂഹിക മാദ്ധ്യമങ്ങൾക്ക് ആണ് വിലക്കേർപ്പെടുത്തിയത്. തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നത് തടയാനാണ് നടപടിയെന്നാണ് സർക്കാർ നൽകുന്ന വിശദീകരണം. പ്രസിഡന്റും പ്രധാനമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് ഇന്ന് രാജ്യവ്യാപകമായി 'അറബ് വസന്ത' മാതൃകയിൽ ( ഒരു ദശാബ്ദത്തിന് മുമ്പ് മിഡിൽ ഈസ്റ്റിൽ നടന്ന സർക്കാർ വിരുദ്ധ പ്രക്ഷോഭങ്ങൾ ) സമരം നടത്താൻ സോഷ്യൽ മീഡിയയിലൂടെ ആഹ്വാനമുണ്ടായിരുന്നു. ഇതിനുപിന്നാലെയാണ് സമൂഹമാദ്ധ്യമങ്ങൾക്ക് വിലക്കേർപ്പെടുത്തിയത്. രാജ്യമെമ്പാടും സൈന്യവും പൊലീസും നിലയുറപ്പിച്ചിരിക്കുകയാണ്. അനാവശ്യമായി പുറത്തിറങ്ങിയാൽ അറസ്റ്റ് ചെയ്യുമെന്നും അധികൃതർ മുന്നറിയിപ്പ് നൽകി. അതേസമയം ഇന്നലെ വൈകിട്ട് തുടങ്ങിയ കർഫ്യൂ ഇന്നും തുടരുന്നു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിന് പിന്നാലെയാണ് രാജ്യവ്യാപകമായി 36 മണിക്കൂർ കർഫ്യൂ ഏർപ്പെടുത്തിയത്. വെള്ളിയാഴ്ച അർദ്ധരാത്രിയോടെയാണ് ജനകീയ പ്രക്ഷോഭങ്ങളെ ചെറുക്കാൻ പ്രസിഡന്റ് ഗോട്ടബയ രജപക്സെ അടിയന്തരാ

## പരിസ്ഥിതി സംരക്ഷണത്തിന് 'ബീഅ'

മാലിന്യ സംസ്കരണത്തിൽ തുടങ്ങി യു.എ.ഇയിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിൽ നിന്നാണ് ഷാർജയിൽ "ബീഅ" എന്ന ആശയം പിറവിയെടുക്കുന്നത്. ഷാർജ ആസ്ഥാനമായി പ്രവർത്തിക്കുന്ന പരിസ്ഥിതി സംരക്ഷണ സ്ഥാപനമായ "ബീഅ" എമിറേറ്റ് നേരിടുന്ന നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൂടിയാണ്. പരിസ്ഥിതി എന്നാണ് 'ബീഎ' എന്ന പദത്തിൻറെ അർഥം തന്നെ. ആ വാക്കിനോട് നീതി പുലർത്തുന്ന പ്രവർത്തനങ്ങളാണ് "ബീഅ"യിൽ നിന്നുണ്ടാകുന്നത്. 2007ൽ ഷാർജയുടെ സുസ്ഥിരവികസനത്തിൻറെ ഭാഗമായി പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെ സ്ഥാപിതമായ 'ബീഅ' മാലിന്യ നിർമ്മാർജനത്തിനപ്പുറം സുസ്ഥിരത സ്ഥാപനം എന്ന നിലയിൽ യു.എ.ഇക്കു വേണ്ടി നിരവധി ചരിത്രപരമായ നാഴികക്കല്ലുകൾ കൈവരിച്ചിട്ടുണ്ട്. ഷാർജ എമിറേറ്റിനെ മിഡിൽ ഈസ്റ്റിൻറെ പരിസ്ഥിതി തലസ്ഥാനമാക്കി മാറ്റാനും മാലിന്യത്തിന്റെ പുനരുപയോഗത്തിലൂടെയും പരിവർത്തനത്തിലൂടെയും സീറോ-വേസ്റ്റ് ലാൻഡ് ഫില്ലിലേക്ക് എത്തുന്ന ആദ്യത്തെ അറബ് നഗരമാക്കാൻ സാധിച്ചതും 'ബീഅ'യുടെ വലിയ നേട്ടങ്ങളിൽ ചിലതാണ്.'ബീഅ' ഗ്രൂപ്പിന്റെ പുതിയ ആസ്ഥാനം ഷാർജയിലെ അൽ ദൈദ് മേഖലയിൽ മാർച്ചിൽ ഷാർജ ഭരണാധികാരി ഉദ്ഘാടനം ചെയ്തിരുന്നു. മണൽക്കൂനകളുടെ ആകൃതിയിൽ നിർമ്മിച്ച പുതിയ കെട്ടിടം മിഡിൽ ഈസ്റ്റിലെ തന്നെ ഏറ്റവും വലിയ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് പ്രാപ്തമാക്കിയ അഡ്മിനിസ്ട്രേറ്റീവ് കെട്ടിടമാണ്. സൗരോർജ്ജത്തിലാണ് പ്രവർത്തനമെന്നതാണ് മറ്റൊരു സവിശേഷത. ഇറാഖി-ബ്രിട്ടീഷ് വാസ്തുശില്പിയായ സഹാ ഹദീദ് രൂപകൽപ്പന ചെയ്ത അവസാനത്തെ ലാൻഡ്മാർക്കുകളിലൊന്നുകൂടിയാണ് ഈ കെട്ടിടം. നൂതന സാങ്കേതിക വിദ്യകൾക്ക് പുറമേ, ഏറ്റവും കുറഞ്ഞ അളവിൽ ഊർജ്ജം ഉപയോഗിക്കുന്നതിനും സുസ്ഥിരതയുടെയും പാരിസ്ഥിതിക സംരക്ഷണത്തിൻറെ അടയാളമായിട്ടുമാണ് 'ബീഅ'യുടെ പുതിയ ആസ്ഥാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്.'ബീഅ'യുടെ ആദ്യത്തെ ശുദ്ധ ഊർജ്ജ പദ്ധതിയായ വേസ്റ്റ് ടു എനർജി പ്ലാൻറ് ഷാർജയിലെ സജ്ജ പ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. മാലിന്യത്തിൻറെ പ്രാഥമിക സംസ്കരണത്തിൽ നിന്ന് വൈദ്യുതി അല്ലെങ്കിൽ താപത്തിൻറെ രൂപത്തിൽ ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന പ്രക്രിയയാണ് വേസ്റ്റ് ടു എനർജി. പ്രതിവർഷം 400,000 ടൺ മാലിന്യം 80 മെഗാവാട്ട് വൈദ്യുതിയാക്കി മാറ്റുന്നു എന്നതും ജൈവമാലിന്യത്തിൻറെ 99 ശതമാനവും ഊർജ്ജമാക്കി മാറ്റുന്നു എന്നതാണ് വേസ്റ്റ് ടു എനർജി പ്ലാൻറ് ലക്ഷ്യമിടുന്നത്. യു.എ.ഇയുടെ വേസ്റ്റ്-ടു-എനർജി (ഡബ്ല്യു.ടി.ഇ) മേഖല വികസിപ്പിക്കുന്നതിന് 'ബീഅ' അബൂദബിയിലെ പുനരുപയോഗ ഊർജ്ജ കമ്പനിയായ മസ്ദറുമായി ചേർന്നുള്ള സംയുക്ത സംരംഭമാണ് ഈ പ്ലാൻറ്.വിദ്യാർത്ഥികൾക്കിടയിൽ പരിസ്ഥിതി സ്നേഹവും പുനരുപയോഗ ശീലങ്ങളും വളർത്തിയെടുക്കാനും, പാരിസ്ഥിതിക വിദ്യാഭ്യാസത്തിലൂടെ കുട്ടികളെ അവരുടെ ഭാവിക്കായി ക്രിയാത്മകമായി ഇടപെടുത്താനും 'ബീഅ' ഗ്രൂപ്പ് ലക്ഷ്യമിടുന്നുണ്ട്. 252,000ൽ അധികം വിദ്യാർത്ഥികളും 6,500 അധ്യാപകരും അടങ്ങുന്ന ശൃംഖലയിലൂടെ 'ബീഅ' സ്കൂൾ ഓഫ് എൻവയോൺമെൻറ് (ബി.എസ്.ഒ.ഇ) 2010ൽ ആരംഭിച്ചിരുന്നു. വിപുലമായ പാഠ്യപദ്ധതികൾ, ആനിമേറ്റഡ് വീഡിയോകൾ, ഇൻററാക്ടീവ് വെബ് പോർട്ടലിലെ പ്രവർത്തനങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥികളെ ആകർഷിക്കുന്നതിന് പുറമേ, ബി.എസ്.ഒ.ഇ യു.എ.ഇയിലുടനീളമുള്ള സ്കൂളുകളിൽ അവതരണങ്ങളും ശില്പശാലകളും നടത്തുന്നുണ്ട്.സുസ്ഥിരതയും ഡിജിറ്റലൈസേഷനും ഉപയോഗിച്ച്, മാലിന്യ സംസ്കരണവും പുനരുപയോഗവും, ശുദ്ധമായ ഊർജ്ജം, പരിസ്ഥിതി കൺസൾട്ടിങ്, വിദ്യാഭ്യാസം, ഹരിത മൊബിലിറ്റി എന്നിവ ഉൾപ്പെടുന്ന ആറ് പ്രധാന വ്യവസായങ്ങളിൽ ഇന്ന് 'ബീഅ' ഗ്രൂപ്പ് പ്രവർത്തിക്കുന്നുണ്ട്.



## മാൾ ഓഫ് എമിറേറ്റ്സിന്റെ പ്രവർത്തനം അവസാനിപ്പിച്ചു

ദുബായ്: മാൾ ഓഫ് എമിറേറ്റ്സിലെ കോവിഡ് ആർടി-പിസിആർ പരിശോധനാ കേന്ദ്രത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ചു. ദുബായ് ഹെൽത്ത് അതോറിറ്റിയാണ് ഇക്കാര്യം അറിയിച്ചു. ഏപ്രിൽ 1 മുതലാണ് ഈ കേന്ദ്രത്തിൽ നിന്നുള്ള സേവനങ്ങൾ അവസാനിപ്പിച്ചത്.ദുബായിലെ കോവിഡ് വ്യാപനം കുറഞ്ഞ സാഹചര്യത്തിലാണ് പുതിയ നടപടി. അധികമായുള്ള പരിശോധനാ കേന്ദ്രങ്ങൾ നിർത്തലാക്കി കൊണ്ട് ഏതാനും കേന്ദ്രങ്ങളിൽ നിന്ന് മികച്ച സേവനങ്ങൾ നൽകുന്നത് ലക്ഷ്യമിട്ടാണ് പുതിയ നടപടിയെന്നും ദുബായ് ഹെൽത്ത് അതോറിറ്റി വ്യക്തമാക്കി.

## പ്രാർഥനാനിരതമായി പള്ളികൾ

ദോഹ: പള്ളികൾ പ്രാർഥനാനിരതമാക്കി വിശ്വാസിസമൂഹം വിശുദ്ധ റമദാനിനെ സ്വാഗതം ചെയ്തു.കോവിഡ് തീർത്ത വിലക്കുകൾ കാരണം രണ്ടു വർഷമായി പള്ളികളിൽ രാത്രി കാലങ്ങളിലെ തറാവീഹ് നമസ്കാരം നഷ്ടമായതിൻറെകൂടി സങ്കടം തീർത്ത് റമദാൻ ചന്ദ്രക്കല പിറന്ന വെള്ളിയാഴ്ച രാത്രികളിൽതന്നെ രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ പള്ളികൾ സജീവമായി. കോവിഡ് വ്യാപനം കുറയുകയും വാക്സിനേഷൻ പൂർണമാവുകയും ചെയ്തതോടെ നിയന്ത്രണങ്ങളിൽ ഇളവുകൾ നൽകി പള്ളികളെല്ലാം തുറന്നുനൽകിയതോടെ വിശ്വാസിസമൂഹം വീണ്ടും പ്രാർഥനകൾക്കായി തിരികെയെത്തി. സ്ത്രീകൾക്കും പ്രാർഥനസൗകര്യം ഒരുക്കിയിട്ടുണ്ട്.തറാവീഹ് നമസ്കാരത്തിനായി വെള്ളിയാഴ്ച രാത്രിയിൽതന്നെ എല്ലാ പള്ളികളിലേക്കും വിശ്വാസികൾ ഒഴുകിയെത്തിയിരുന്നു. മറ്റു നമസ്കാരങ്ങൾക്കുമെല്ലാമായി പള്ളികൾ



## ചാമ്പ്യന്മാർക്ക് കോടികൾ സമ്മാനം

ദോഹ: ഖത്തർ ലോകകപ്പിൽ കിരീടമണിയുന്നവരെ കാത്തിരിക്കുന്നത് കോടികളുടെ സമ്മാനത്തുക. ഡിസംബർ 18ന് ലുസൈൽ സ്റ്റേഡിയത്തിലെ കലാശപ്പോരാട്ടത്തിൽ കപ്പുയർത്തുന്നവർക്ക് 42 ദശലക്ഷം ഡോളർ (319 കോടി രൂപ) ആണ് ഫിഫ സമ്മാനമായി നൽകുന്നത്.റണ്ണേഴ്സ് അപ്പിന് 30 ദശലക്ഷം ഡോളറും (227 കോടി രൂപ), മൂന്നാം സ്ഥാനക്കാർക്ക് 27 ദശലക്ഷം ഡോളറും (205 കോടി രൂപ) ആണ് സമ്മാനത്തുക. നാലാം സ്ഥാനക്കാർക്ക് 25 ദശലക്ഷം ഡോളറും സമ്മാനമായി ലഭിക്കും.440 ദശലക്ഷം ഡോളർ (3350 കോടി രൂപ) ആണ് എല്ലാ ടീമുകൾക്കുമായി സമ്മാനമായി നൽകുന്നത്. ലോകകപ്പിന് യോഗ്യത നേടിയ എല്ലാ ടീമുകൾക്കും പ്രൈസ് മണിയായി നിശ്ചിത തുക നൽകും. ഗ്രൂപ് ഘട്ടത്തിൽ മടങ്ങുന്നവർക്ക് 90 ലക്ഷം ഡോളർ (68 കോടി രൂപയിലേറെ) ആണ് പ്രതിഫലം. 16 ടീമുകൾക്കായി 144 ദശലക്ഷം ഡോളറാണ് ഇങ്ങനെ മാറ്റിവെച്ചത്.പ്രീക്വാർട്ടറിൽ മടങ്ങുന്ന എട്ടു ടീമുകൾക്ക് 13 ദശലക്ഷം ഡോളർ വീതവും (98.7 കോടി രൂപ), ക്വാർട്ടർ ഫൈനലിൽ മടങ്ങുന്നവർക്ക് 17 ദശലക്ഷം ഡോളറും (130 കോടി രൂപ) ആണ് പ്രതിഫലമായി നിശ്ചയിച്ചത്.2018ലെ റഷ്യൻ ലോകകപ്പിൽ 400 ദശലക്ഷം ഡോളറായിരുന്നു ആകെ സമ്മാനത്തുക. ഇതിൽ നിന്നും 10 ശതമാനം വർധിപ്പിച്ചാണ് ഖത്തറിൽ ഫിഫ ടീമുകളെ കോടീശ്വരന്മാരാക്കുന്നത്.

SPECIAL-NEWS



# യു.പ്രതിഭ എംഎൽഎയ്ക്കെതിരെ അച്ചടക്ക നടപടിക്ക് സിപിഎം

**ആലപ്പുഴ:** പരസ്യ വിമർശനങ്ങളിൽ യു. പ്രതിഭ എം.എൽ.എയ്ക്കെതിരെ സിപി എം അച്ചടക്ക നടപടിക്ക് സാധ്യത. പാർട്ടി കോൺഗ്രസ് സമാപിച്ച ശേഷം ജില്ലാ കമ്മിറ്റി കൂടി നടപടിയെടുക്കും. കായംകുളം ഏരിയ കമ്മിറ്റിയുടെ ഉൾപ്പെടെ ശക്തമായ സമ്മർദത്തെ തുടർന്നാണ് തീരുമാനം.

പാർട്ടിക്കുള്ളിൽ പറയേണ്ട കാര്യങ്ങൾ നവ മാധ്യമങ്ങളിലൂടെയും അല്ലാതെയും തുറന്നു പറയുന്നു. വോട്ട് ചോർച്ച ഉൾപ്പെടെ ഗൗരവമുള്ള കാര്യങ്ങൾ പറയേണ്ട സമയങ്ങളിൽ പറഞ്ഞില്ല. പാർട്ടി ഫോറത്തിന് പുറത്ത് ബോധപൂർവ്വം എല്ലാം ചർച്ചയാക്കുന്നു തുടങ്ങിയ ആരോപണങ്ങളാണ് യു. പ്രതിഭയ്ക്കെതിരെ ഉന്നയിക്കപ്പെടുന്നത്.



# കാളയ്ക്കെന്ത് പൊലീസ്? ഡ്യൂട്ടിയിലുണ്ടായിരുന്ന കോൺസ്റ്റബിളിനെ നക്ഷത്രമെണ്ണിച്ച് കാളക്കൂറ്റൻ

**ന്യൂഡൽഹി:** ഡൽഹി ദയാൽപൂരിൽ പൊലീസുകാരനെ കാള ആക്രമിച്ചു. ദയാൽപൂരിലെ ഷെർപൂർ ചൗക്കിൽ കോൺസ്റ്റബിൾ ഗ്യാൻ സിംഗിനെയാണ് ഡ്യൂട്ടിയിലിരിക്കവേ കാള ഇടിച്ചിട്ടത്. ഗ്യാൻ സിംഗിന് അടുത്തായി റോഡിൽ നിന്നിരുന്ന കാള യാതൊരു പ്രകോപനവും ഇല്ലാതെയാണ് ഇദ്ദേഹത്തിന്റെ പിന്നിൽ വന്നിടിച്ചത്.കൊമ്ബ് ഇയാളുടെ നടുവിൽ ചേർത്തു കൊണ്ടായിരുന്നു കാളയുടെ അക്രമണം. വായുവിലേക്ക് ഉയർന്നു പൊങ്ങിയ ഗ്യാൻ സിംഗ് നടു ഇടിച്ചാണ് റോഡിൽ വീണത്. ഇദ്ദേഹത്തെ ഇടിച്ചിട്ട ശേഷം ഒന്നും സംഭവിക്കാത്തതു പോലെ കാള റോഡിനു നടുവിലേക്ക് നടന്നു പോയി. നിലത്തു വീണ ഗ്യാൻ സിംഗിനെ മറ്റ് പൊലീസുകാരും അടുത്തുണ്ടായിരുന്നവരും ചേർന്ന് ആശുപത്രിയിൽ എത്തിച്ചു. ഗുരുതരമായ പരിക്കുകളില്ലെങ്കിലും തലനാരിഴയ്ക്കാണ് ഇദ്ദേഹം രക്ഷപ്പെട്ടത്. സംഭവത്തിന്റെ സിസിടിവി ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുകയാണ്.



# പള്ളികളിൽ നിന്ന് ലൗഡ്സ്പീക്കർ ഉടൻ മാറ്റണം; അനുസരിച്ചില്ലെങ്കിൽ കടുത്ത നടപടിയെന്ന് രാജ് താക്കറെ

മുംബയ്: പള്ളികളിൽ ലൗഡ്സ്പീക്കർ നിരോധിക്കണമെന്ന് മുന്നറിയിപ്പുമായി രാജ് താക്കറെ. മഹാരാഷ്ട്ര സർക്കാർ പള്ളികളിലെ ലൗഡ്സ്പീക്കർ നീക്കം ചെയ്തില്ലെങ്കിൽ പള്ളികളുടെ മുന്നിൽ ലൗഡ്സ്പീക്കർ വച്ച് ഹനുമാൻ ചാലീസ പാരായണം നടത്തുമെന്ന് മഹാരാഷ്ട്ര നവനിർമ്മാൺ സേന അദ്ധ്യക്ഷൻ അറിയിച്ചു. 'പ്രാർത്ഥന നടത്തുന്നതിന് ഞാൻ എതിരല്ല. നിങ്ങൾക്ക് വീടുകളിൽ പ്രാർത്ഥിക്കാം. പക്ഷെ പള്ളികളിൽ ലൗഡ്സ്പീക്കർ വച്ച് പ്രാർത്ഥിക്കാൻ അനുവദിക്കില്ല. സർക്കാർ, പള്ളികളിലെ ലൗഡ്സ്പീക്കർ നീക്കണം. അതല്ലെങ്കിൽ ഞങ്ങൾ പള്ളികളുടെ മുന്നിൽ ലൗഡ്സ്പീക്കർ വച്ച് ഹനുമാൻ ചാലീസ പാരായണം ചെയ്യും. ഇത് സർക്കാരിനുള്ള മുന്നറിയിപ്പാണ്.' രാജ് താക്കറെ പറഞ്ഞു. എംഎൽഎമാർക്കും എംപിമാർക്കും സർക്കാർ നൽകുന്ന പെൻഷൻ വേണ്ടെന്ന് വയ്ക്കണം. അവർക്ക് വീട് നൽകണമെങ്കിൽ അവരുടെ ഫാം ഹൗസുകൾ സർക്കാർ ഏറ്റെടുക്കണം. വീടുകൾ നൽകണമെന്ന് സർക്കാരിന് താൽപര്യമുണ്ടെങ്കിൽ സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് വീട് നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. 'മുംബയിലെ മുസ്ളീം ഭൂരിപക്ഷ മേഖലയിലെ പള്ളികളിൽ പ്രധാനമന്ത്രി മോദി ഇടപെട്ട് റെയ്ഡ് നടത്തണം. ഇവിടെ മുഴുവൻ പാകിസ്ഥാൻ അനുകൂലികളാണ്. ഇവരെക്കുറിച്ച് മുംബയ് പൊലീസിന് കൃത്യമായി അറിയാം, എംഎൽഎമാർ വോട്ട്ബാങ്കായി ഇവരെ ഉപയോഗിക്കുകയാണ്. ഇവർക്ക് ആധാർ കാർഡ് വരെ എംഎൽഎമാർ സംഘടിപ്പിച്ച് കൊടുക്കാറുണ്ട്.'- രാജ് താക്കറെ ആരോപിച്ചു. മഹാരാഷ്ട്രയിലെ ജാതി രാഷ്ട്രീയം ഉണ്ടാകാൻ കാരണം എൻസിപി അദ്ധ്യക്ഷൻ ശരദ് പവാർ ആണെന്നും താക്കറെ ആരോപിച്ചു. 1999ൽ എൻസിപി ഉണ്ടായത് മുതലാണ് സംസ്ഥാനത്ത് ജാതി രാഷ്ട്രീയം പച്ചപിടിച്ചത്. ജാതി രാഷ്ട്രീയത്തിൽ നിന്നും പുറത്തുവരാതെ എങ്ങനെ ഹിന്ദു ഒന്നിക്കുമെന്നും അദ്ദേഹം ചോദിച്ചു. യോഗി ആദിത്യനാഥ് സർക്കാരിനെ പുകഴ്ത്തിയ രാജ് താക്കറെ യുപി പോലെ മഹാരാഷ്ട്രയും വികസിക്കണമെന്നും പറഞ്ഞു.



# കെ എസ് ആർ ടി സി ബസിന് മുന്നിൽ ബൈക്കുകളുടെ സാഹസിക പ്രകടനം; വനിതാ യാത്രക്കാരെയും വെറുതെ വിട്ടില്ല,

തൃശൂർ: കെ എസ് ആർ ടി സി ബസിന് മുന്നിൽ ബൈക്കുകളുടെ സാഹസിക പ്രകടനം. മൂന്ന് ബൈക്കുകളിലായി ഏഴ് പേരാണ് അഭ്യാസ പ്രകടനം നടത്തിയത്.ഇന്നലെ പുലർച്ചെ ഒരു മണിയോടെയായിരുന്നു സംഭവം. ഇതിന്റെ ദൃശ്യങ്ങൾ ഒരു സ്വകാര്യ ചാനൽ പുറത്തുവിട്ടിട്ടുണ്ട്. തൃശൂർ പെരുമ്ബിലാവ് മുതൽ കുന്നംകുളം വരെ ഇവർ ബസിന് മുന്നിലൂടെ ബൈക്കോടിച്ചു. ബൈക്ക് യാത്രികർ കല്ലുകൊണ്ട് ബസിന്റെ ഇരുവശങ്ങളിൽ ഇടിച്ചെന്ന് യാത്രക്കാർ ആരോപിച്ചു. ബസിലെ വനിതാ യാത്രക്കാർക്ക് നേരെ അസഭ്യവർഷവും ഉണ്ടായി. ബസ് നിയന്ത്രണം വിട്ട് പോകുമോയെന്ന് ഭയന്നിരുന്നുവെന്ന് ഡ്രൈവർ ബിജു പറഞ്ഞു. സംഭവമുണ്ടായപ്പോൾ തന്നെ കുന്നംകുളം പൊലീസിൽ വിവരമറിയിച്ചിരുന്നെന്നും, തിരിച്ചുപോകുമ്ബോൾ പരാതി നൽകുമെന്നും ബിജു പറഞ്ഞു.



# ഇന്ധന വില വർധനയ്ക്ക് കാരണം യുക്രൈൻ യുദ്ധം; വി മുരളീധരൻ

**ന്യൂഡൽഹി:** ഇന്ധനവില വർധനയെ ന്യായീകരിച്ച് കേന്ദ്രമന്ത്രി വി മുരളീധരൻ. ഇന്ധന വില വർധനയ്ക്ക് കാരണം യുക്രൈൻ യുദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. മണ്ണെണ്ണ വില വർധനയുടെ കാരണം പരിശോധിച്ച് പ്രതികരിക്കാമെന്ന് വി മുരളീധരൻ കൂട്ടിച്ചേർത്തു. റഷ്യയുടെ യുക്രൈൻ അധിനിവേശത്തിന്റെ ഭാഗമായാണ് ഇന്ധന വില കുതിച്ചുയരുന്നതെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയും പറഞ്ഞിരുന്നു. അന്താരാഷ്ട്ര വിപണിയിൽ റഷ്യ യുക്രൈൻ യുദ്ധം മൂലം എണ്ണവില ഉയരുന്നത് കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിന് അതീതമാണെന്നും അദ്ദേഹം പറഞ്ഞിരുന്നു. ഇതിനിടെ ഇന്ധനവില വർധനവിൽ കേന്ദ്രത്തിനെതിരെ ആഞ്ഞടിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ രംഗത്തെത്തിയിരുന്നു. ഇന്ധനവില വർധനയക്കുപിന്നിൽ കേന്ദ്രത്തിന്റെ ലാഭക്കൊതിയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. രാജ്യാന്തര വിപണിയിൽ വില കുറയുമ്പോഴും കേന്ദ്രം നികുതി വർധിപ്പിക്കുന്നു. കോർപ്പറേറ്റ് നികുതി എഴുതിത്തള്ളുന്ന കേന്ദ്രം സാധാരണക്കാർക്ക് സബ്സിഡി നൽകുന്നില്ലെന്ന് പിണറായി വിജയൻ വിമർശിച്ചു. രാജ്യത്ത് ഇന്ധനവില ഇന്നും വർധിപ്പിച്ചിരുന്നു. പെട്രോൾ ലിറ്ററിന് 87 പൈസയും ഡീസൽ ലിറ്ററിന് 85 പൈസയുമാണ് ഇന്ന് കൂട്ടിയത്. കഴിഞ്ഞ 11 ദിവസത്തിനുള്ളിൽ രാജ്യത്ത് പെട്രോളിന് എട്ട് രൂപ 72 പൈസയും ഡീസലിന് 8 രൂപ 43 പൈസയുമാണ് വർധിച്ചത്. കൊച്ചിയിൽ പെട്രോൾവില ലിറ്ററിന് 112.89 രൂപയും ഡീസലിന് 99.86 രൂപയുമാണ് നിലവിൽ. തിരുവനന്തപുരത്ത് പെട്രോൾവില 115 കടന്നു. യു.പി, പഞ്ചാബ്, ഉത്തരാഖണ്ഡ്, ഗോവ, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി നവംബർ 4 മുതൽ വില വർധിപ്പിക്കുന്നത് നിർത്തിവെച്ചിരുന്നു. തെരഞ്ഞെടുപ്പ് അവസാനിച്ചപ്പോൾ തന്നെ ഇന്ധന വില ഉയരുമെന്ന് കരുതിയതാണ്. ഒറ്റയടിക്ക് വില കൂട്ടുന്നതിനു പകരം പതുക്കെ പതുക്കെ വില ഉയർത്തുന്ന രീതിയാണ് കമ്പനികൾ സ്വീകരിക്കുന്നത്. തെരഞ്ഞെടുപ്പിന് മുൻപ് അവസാനം ഇന്ധന വിലയിൽ മാറ്റം വന്നപ്പോഴുള്ള ക്രൂഡ് ഓയിൽ വില 82 ഡോളറിനരികെയായിരുന്നു.



# സർക്കാർ വാർഷികാഘോഷ പരിപാടികളിൽ മുസ്ലിം ലീഗ് പങ്കെടുക്കില്ല; പി കെ കുഞ്ഞാലിക്കുട്ടി

**മലപ്പുറം :** സർക്കാർ വാർഷികാഘോഷ പരിപാടികളിൽ മുസ്ലിം ലീഗ് പങ്കെടുക്കില്ലെന്ന് പി കെ കുഞ്ഞാലിക്കുട്ടി. പ്രതിപക്ഷ നേതാവ് പറഞ്ഞത് തന്നെയാണ് മുസ്ലിം ലീഗിന്റെയും നിലപാട്. സർക്കാർ വാർഷികാഘോഷ പരിപാടികളിൽ പ്രതിപക്ഷം പങ്കെടുക്കാതെയിരിക്കുന്നത് ഇത് ആദ്യമല്ല. റമദാൻ മാസത്തിൽ സിൽവർ ലൈൻ കല്ലിടൽ ഒഴിവാക്കേണ്ടത് സർക്കാർ തീരുമാനിക്കേണ്ട കാര്യമാണെന്നും പി കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. 'ഗവൺമെന്റിന്റെ വാർഷികാഘോഷ പരിപാടികളിൽ പ്രതിപക്ഷം പങ്കെടുക്കാതെ ഇരിക്കുക എന്നുള്ളത് കേരളത്തിലെ ആദ്യത്തെ സംഭവമൊന്നുമല്ല. അത് ഔദ്യോഗികമായി തീരുമാനിച്ചാൽ പങ്കെടുക്കാം, ഇല്ലെങ്കിൽ പങ്കെടുക്കില്ല. കല്ലിടൽ ഒരുപാട് ആളുകൾക്ക് വിഷമം ഉണ്ടാക്കുന്നു എന്നത് വസ്തതുതയാണ്. അപ്പോൾ റംസാൻ മാസത്തിൽ കല്ലിടൽ ഒഴിവാക്കേണ്ടത് സർക്കാർ ആലോചിക്കേണ്ട കാര്യമാണ്' കുഞ്ഞാലിക്കുട്ടി പറഞ്ഞു. രണ്ടാം പിണറായി സർക്കാരിന്റെ ഇന്ന് നടക്കുന്ന ഒന്നാം വാർഷിക ചടങ്ങ് പ്രതിപക്ഷനേതാവ് വി ഡി സതീശൻ പങ്കെടുക്കില്ല. കണ്ണൂരിൽ വൈകീട്ട് നടക്കുന്ന പരിപാടിയിൽ വി ഡി സതീശനും ക്ഷണമുണ്ടായിരുന്നു. സിൽവർ ലൈനിൽ സമരം ചെയ്യുന്ന സാഹചര്യത്തിൽ സർക്കാരിനെതിരെ യോജിപ്പ് വേണ്ടെന്നാണ് കോൺഗ്രസ് നിലപാട്. അതേസമയം മറ്റ് ജില്ലകളിൽ നടക്കുന്ന വാർഷികാഘോഷ പരിപാടിയിലേക്ക് ക്ഷണം കിട്ടിയ യുഡിഎഫ് ജനപ്രതിനിധികൾക്ക് യുക്തിയനുസരിച്ച് തീരുമാനമെടുക്കാമെന്നും കോൺഗ്രസ് നേതൃത്വം വിശദീകരിച്ചു.


# ബാംഗ്ലൂർ ഇലക്ട്രോണിക് സിറ്റിയിൽ Dfix mobile phone training സെന്റർ

SSLC, +2 കഴിഞ്ഞ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോൺ റിപ്പയറിങ് രംഗത്ത് നല്ല സാലറി..! മൊബൈൽ ഫോൺ റിപ്പയറിങ് പഠിച്ചവർക്കും, കൂടുതൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും സ്മാർട്ട്ഫോൺ ടെക്നീഷ്യൻമാർക്ക് കേരളത്തിൽ മാത്രമായി ലക്ഷക്കണക്കിന് അവസരങ്ങൾ.തിയറി ക്ലാസുകളല്ല, മറിച്ച് എല്ലാ തരം സ്മാർട്ട്ഫോണുകളിലും സീനിയർ ടെക്നീഷ്യന്റെ കൂടെ ഇരുന്ന് ചെയ്ത് പഠിപ്പിക്കുന്ന പുതിയ പഠന രീതിയാണ് ഞങ്ങൾ ആവിഷ്കരിച്ചിരിക്കുന്നത്.ഞങ്ങളുടെ ട്രെയിനിങ് പ്രോഗ്രാമുകളെ കുറിച്ച് കൂടുതലായി അറിയുന്നതിനു വേണ്ടി 9526493737ൽ വിളിക്കുക .



SPECIAL-NEWS



# സംസ്ഥാനത്ത് കൊവിഡ് പ്രഭാവം കുറഞ്ഞു, മരണങ്ങളില്ല, രോഗബാധിതർ 310, രോഗമുക്തി നേടിയവർ 458

തിരുവനന്തപുരം: കേരളത്തിൽ 310 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. എറണാകുളം 83, തിരുവനന്തപുരം 66, തൃശൂർ 30, കോട്ടയം 25, കോഴിക്കോട് 20, കൊല്ലം 19, പത്തനംതിട്ട 19, ഇടുക്കി 16, ആലപ്പുഴ 11, കണ്ണൂർ 7, മലപ്പുറം 4 , കാസർകോട് 4, പാലക്കാട് 3, വയനാട് 3 എന്നിങ്ങനേയാണ് ജില്ലകളിൽ രോഗ ബാധ സ്ഥിരീകരിച്ചത്.കഴിഞ്ഞ 24 മണിക്കൂറിനിടെ 13,100 സാമ്പിളുകളാണ് പരിശോധിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ മരണങ്ങളൊന്നും കൊവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചിട്ടില്ല. ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 2 മരണങ്ങളും സുപ്രീം കോടതി വിധി പ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 6 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 68,074 ആയി.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 458 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 61, കൊല്ലം 38, പത്തനംതിട്ട 14, ആലപ്പുഴ 16, കോട്ടയം 69, ഇടുക്കി 23, എറണാകുളം 127, തൃശൂർ 50, പാലക്കാട് 5, മലപ്പുറം 8, കോഴിക്കോട് 27, വയനാട് 8, കണ്ണൂർ 12, കാസർകോട് 0 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 2680 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്.


സംസ്ഥാനത്ത് കൊവിഡ് പ്രഭാവം കുറഞ്ഞു, മരണങ്ങളില്ല, രോഗബാധിതർ 310, രോഗമുക്തി നേടിയവർ 458

തിരുവനന്തപുരം: കേരളത്തിൽ 310 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. എറണാകുളം 83, തിരുവനന്തപുരം 66, തൃശൂർ 30, കോട്ടയം 25, കോഴിക്കോട് 20, കൊല്ലം 19, പത്തനംതിട്ട 19, ഇടുക്കി 16, ആലപ്പുഴ 11, കണ്ണൂർ 7, മലപ്പുറം 4 , കാസർകോട് 4, പാലക്കാട് 3, വയനാട് 3 എന്നിങ്ങനേയാണ് ജില്ലകളിൽ രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 13,100 സാമ്പിളുകളാണ് പരിശോധിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ മരണങ്ങളൊന്നും കൊവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചിട്ടില്ല. ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 2 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിന്റെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 6 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 68,074 ആയി.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 458 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 61, കൊല്ലം 38, പത്തനംതിട്ട 14, ആലപ്പുഴ 16, കോട്ടയം 69, ഇടുക്കി 23, എറണാകുളം 127, തൃശൂർ 50, പാലക്കാട് 5, മലപ്പുറം 8, കോഴിക്കോട് 27, വയനാട് 8, കണ്ണൂർ 12, കാസർകോട് 0 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 2680 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്.



## ഗൾഫിലുള്ള നടിയെ ചോദ്യം ചെയ്യലിന് വിളിപ്പിച്ച് അന്വേഷണ സംഘം

**കൊച്ചി:** നടിയെ ആക്രമിച്ച കേസിൽ ദിലീപുമായി സൗഹൃദത്തിലുള്ള മലയാളി നടിയെ ചോദ്യം ചെയ്യലിന് വിളിപ്പിച്ച് അന്വേഷണ സംഘം.

ഗൾഫിലുള്ള നടിയോട് ഉടനെ ഹാജരാകാൻ നിർദേശം നൽകി. സാക്ഷികളെ സ്വാധീനിക്കാൻ ഇവർ ശ്രമിച്ചതായാണ് കണ്ടെത്തൽ.

കേസിൽ കാവ്യ മാധവന്റെ മൊഴി അന്വേഷണ സംഘം വീട്ടിലെത്തി ശേഖരിക്കും. സാക്ഷികളുമായി കാവ്യ നടത്തിയ കൂടിക്കാഴ്ചകളിൽ സംശയം ഉള്ളതിനാൽ വ്യക്തത വരുത്താനായാണ് മൊഴി രേഖപ്പെടുത്തുന്നത്. ദിലീപുമായി സാമ്ബത്തിക ഇടപാടുകൾ നടന്നതായി കണ്ടെത്തിയതിനെ തുടർന്ന് നേരത്തെ സിനിമ സീരിയൽ മേഖലയിൽ നിന്നുള്ള രണ്ട് പേരുടെ മൊഴി എടുത്തിരുന്നു.അതേസമയം ദിലീപിന്റെ സഹോദരൻ അനൂപിനെയും സഹോദരി ഭർത്താവ് സുരാജിനെയും ക്രൈംബ്രാഞ്ച് വരും ദിവസങ്ങളിൽ ചോദ്യം ചെയ്യും. കസ്റ്റഡിയിൽ എടുത്ത ദിലീപിന്റെ കാർ ക്രൈംബ്രാഞ്ച് ഓഫീസിലേക്ക് മാറ്റും. ഗൂഢാലോചനയിലെ തെളിവാണ് ഈ കാറെന്നാണ് അന്വേഷണസംഘം പറയുന്നത്.

2016ൽ പൾസർ സുനിയും ബാലചന്ദ്രകുമാറും ദിലീപിന്റെ സഹോദരൻ അനൂപും സഞ്ചരിച്ച വാഹനമാണിത്. ദിലീപിന്റെ വീട്ടിലെത്തി പൾസർ സുനി മടങ്ങിയതും ഈ കാറിലാണ്. വീട്ടിൽ വച്ച് ദിലീപ് പൾസർ സുനിക്ക് പണവും കൈമാറിയിരുന്നെന്നും അന്വേഷണസംഘം കണ്ടെത്തിയിരുന്നു.

പൾസർ സുനിയുടെ സഹതടവുകാരനായിരുന്ന ജിൻസന്റെ ശബ്ദ സാംപിൾ ഇന്നലെ ശേഖരിച്ചിരുന്നു. ഫോൺ സംഭാഷണത്തിന്റെ ആധികാരികത ഉറപ്പിക്കാനായാണിത്. ദിലീപിനൊപ്പം സംവിധായകൻ ബാലചന്ദ്രകുമാറിനെ കണ്ടതായി സുനി ജിൻസിനോട് ഫോണിൽ പറഞ്ഞിരുന്നു.



## പിണറായി സർക്കാരിന്റെ വാർഷികാഘോഷ പരിപാടിയിൽ നിന്ന് വിട്ടുനിൽക്കുമെന്ന് വി ഡി സതീശൻ; തീരുമാനം സിൽവർലൈൻ സമരത്തിന്റെ പശ്ചാത്തലത്തിൽ

**തിരുവനന്തരം:** സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷ പരിപാടിയിൽ നിന്ന് താൻ വിട്ടു നിൽക്കുമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ.

ഇന്നലെ വൈകിട്ട് നടക്കുന്ന ചടങ്ങിലേക്ക് വി ഡി സതീശനെയും ക്ഷണിച്ചിട്ടുണ്ട്. കെ റെയിൽ സമരത്തിനിടെ സർക്കാരിനോട് ഒരു യോജിപ്പും വേണ്ടെന്ന തീരുമാനത്തിലാണ് ചടങ്ങിൽ നിന്ന് വിട്ടുനിൽക്കുന്നത്. രണ്ടാം പിണറായി സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തിന്റെ ആഘോഷങ്ങൾ ഇന്നലെ വൈകിട്ട് ആറിന് കണ്ണൂരിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് ഉദ്ഘാടനം ചെയ്തത്

പൊലീസ് മൈതാനിയിൽ നടക്കുന്ന എന്റെ കേരളം മെഗാ എക്സിബിഷൻ ഉദ്ഘാടനവും മുഖ്യമന്ത്രിയാണ് നിർവഹിക്കുന്നത്. രണ്ടാം പിണറായി സർക്കാർ അധികാരമേറ്റ മേയ് 20 വരെ നീളുന്ന പരിപാടികൾ സംസ്ഥാനത്താകെ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും എന്റെ കേരളം പ്രദർശന മേള നടക്കും. കണ്ണൂർ, കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം ജില്ലകളിൽ വിപുലമായ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്. മേയ് 20 ന് തിരുവനന്തപുരത്താണ് പരിപാടികളുടെ സമാപനം നടക്കുക.






## മലൈക്ക അറോറ സഞ്ചരിച്ച വാഹനം അപകടത്തിൽപ്പെട്ടു; നടിക്ക് നിസാര പരിക്കേറ്റു

മുംബൈ: നടി മലൈക്ക അറോറയ്ക്ക് വാഹനാപകടത്തിൽ നിസാര പരിക്കേറ്റു. നവി മുംബൈയിലെ അപ്പോള ആശുപത്രിയിൽ പ്രവേശിപ്പിച്ച അവർ പരിശോധനകൾക്കുശേഷം ആശുപത്രിവിട്ടു. പുണെയിൽ നടന്ന പരിപാടിയിൽ പങ്കെടുത്ത് മടങ്ങവെയാണ് മലൈക്കയുടെ കാർ അപകടത്തിൽപ്പെട്ടത്.. നടിക്ക് നിസാര പരിക്ക് മാത്രമാണുള്ളതെന്നും അവരുടെ ആരോഗ്യനില മെച്ചപ്പെട്ടു വരുന്നുവെന്നും സഹോദരി അമൃത മാധ്യമങ്ങളോട് പറഞ്ഞു. ശനിയാഴ്ച രാത്രി ഡോക്ടർമാരുടെ നിരീക്ഷണത്തിൽ കഴിഞ്ഞ അവർ ഞായറാഴ്ച രാവിലെ ആശുപത്രിവിട്ടുവെന്നും സഹോദരി വ്യക്തമാക്കി. സംഭവത്തിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത് അന്വേഷണം തുടങ്ങിയതായി പോലീസ് വ്യക്തമാക്കി. മൂന്ന് വാഹനങ്ങളുടെ രജിസ്റ്റർ നമ്പർ പരിശോധിച്ച് ഉടമകളുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും അപകടകാരണം കണ്ടെത്താൻ ശ്രമിക്കുകയാണെന്നും പോലീസ് പറഞ്ഞു




## മത, രാഷ്ട്രീയ സംഘടനകൾക്ക് ഉദ്യോഗസ്ഥർ പരിശീലനം നൽകരുത്; ഫയർ ഫോഴ്സ് മേധാവി പുതിയ സർക്കുലർ ഇറക്കി

**കൊച്ചി:** മത, രാഷ്ട്രീയ സംഘടനകൾക്ക് അഗ്നിശമന സേനാംഗങ്ങൾ പരിശീലനം നൽകരുതെന്ന് ഫയർ ഫോഴ്സ് മേധാവി ബി സന്ധ്യ.പോപ്പുലർ ഫ്രണ്ട് പ്രവർത്തകർക്ക് പരിശീലനം നൽകിയത് വിവാദമായ സാഹചര്യത്തിലാണ് പുതിയ സർക്കുലർ ഇറക്കിയത്. പരിശീലന അപേക്ഷകളിൽ ഉന്നത ഉദ്യോഗസ്ഥരുമായി കൂടിയാലോചന വേണമെന്ന് ബി സന്ധ്യ നിർദേശം നൽകി. സർക്കാർ അംഗീകൃത സംഘടനകൾ, വ്യാപാര സ്ഥാപനങ്ങളിലെ ജീവനക്കാർ, സിവിൽ ഡിഫൻസ് പ്രവർത്തകർ എന്നിവർക്ക് മാത്രമേ പരിശീലനം നൽകാൻ പാടുള്ളൂവെന്നും സർക്കുലറിൽ പറയുന്നു.ആലുവയിൽ പോപ്പുലർ ഫ്രണ്ടിന് ഫയർഫോഴ്സ് ഉദ്യോഗസ്ഥർ പരിശീലനം നൽകിയത് ഗുരുതര പിഴവാണെന്നും,?പരിശീലനത്തിന് അനുമതി നൽകിയ അഞ്ച് ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണമെന്നും കാണിച്ച് ഫയർഫോഴ്സ് മേധാവി സർക്കാരിന് റിപ്പോർട്ട് നൽകിയിരുന്നു. എറണാകുളം റീജിയണൽ, ജില്ലാ ഫയർ ഓഫീസർ മാരടക്കമുള്ള അഞ്ച് ഉദ്യോഗസ്ഥർക്കെതിരെ നടപടി ഉണ്ടായേക്കും. ആലുവ മുനിസിപ്പൽ ഓഡിറ്റോറിയത്തിൽ കഴിഞ്ഞ ബുധനാഴ്ചയാണ് ഫയർഫോഴ്സ് ഉദ്യോഗസ്ഥർ പോപ്പുലർ ഫ്രണ്ടിന് പരിശീലനം നൽകിയത്. പോപ്പുലർ ഫ്രണ്ട് പുതുതായി രൂപം നൽകിയ റെസ്ക്യൂ ആൻഡ് റിലീഫ് സംഘടനയുടെ സംസ്ഥാനതല ഉദ്ഘാടന പരിപാടിയിലായിരുന്നു സംഭവം. അപകടത്തിൽപ്പെട്ട ഒരാളെ രക്ഷപ്പെടുത്തുന്നതിന്റെ വിവിധ രീതികളും, ഉപകരണങ്ങൾ ഉപയോഗിക്കുന്ന വിധവുമൊക്കെയാണ് ഉദ്യോഗസ്ഥർ പോപ്പുലർ ഫ്രണ്ട് പ്രവർത്തകർക്ക് പഠിപ്പിച്ചുകൊടുത്തത്.



SPECIAL-NEWS



# ഇനി അടുത്ത പടയൊരുക്കത്തിന്റെ നാളുകൾ...

പാകിസ്താൻ ക്രിക്കറ്റ് ടീമിലെ മികച്ച ഓൾ റൗണ്ടറായിരുന്നു ഇമ്രാൻ ഖാൻ. പാകിസ്താന് 1992ൽ ക്രിക്കറ്റ് ലോകകപ്പ് നേടിക്കൊടുത്ത് രാജ്യ ചരിത്രത്തിൽ ഇതിഹാസമാനമുള്ള കായികതാരമായി മാറി ഇമ്രാൻ. 21 വർഷത്തോളം പാകിസ്താന് വേണ്ടി കളിച്ച ഇമ്രാൻ ഖാൻ 1996ലാണ് സ്വന്തം രാഷ്ട്രീയ പാർട്ടിയായ തെഹ്‌രീക് ഇ ഇൻസാഫ് പാർട്ടി രൂപീകരിച്ച് രാഷ്ട്രീയത്തിൽ സജീവമാകുന്നത്. 22 വർഷത്തിനുശേഷം 2018ൽ പ്രധാനമന്ത്രിയായി അധികാരമേറ്റപ്പോൾ ഇമ്രാന്റെ ദീർഘകാലത്തെ സ്വപ്നമാണ് യാഥാർത്ഥ്യമായത്. എന്നാൽ മൂന്നര വർഷത്തിനിപ്പുറം വീണ്ടും എല്ലാം ഒന്നിൽ നിന്ന് തുടങ്ങേണ്ട അവസ്ഥയിലാണ് ഇമ്രാൻ ഖാൻ. ഇമ്രാൻ അഹമദ് ഖാൻ നിയാസിയെന്നാണ് മുഴുവൻ പേര്. 1952ൽ ലാഹോറിലെ പ്രമുഖ പഷ്തൂൺ കുടുംബത്തിലാണ് ജനനം. പാകിസ്ഥാനിലെ മുൻ നിര സ്കൂളുകളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ഇമ്രാൻ ഖാൻ ബ്രിട്ടണിലാണ് തുടർ വിദ്യാഭ്യാസം പൂർത്തിയാക്കിയത്.പാകിസ്ഥാൻ ദേശീയ ടീമിന്റെ ക്യാപ്റ്റൻമാരായി സേവനമനുഷ്ഠിച്ച ജാവേദ് ബുർക്കി, മജീദ് ഖാൻ എന്നിവർ ഇമ്രാൻറെ ബന്ധുക്കളാണ്. ആ സ്വാധീനമാണ് ഇമ്രാന് ക്രിക്കറ്റിലേക്കുള്ള വഴി തുറന്നത്. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഫിലോസഫിയും രാഷ്ട്രീയവും സാമ്പത്തിക ശാസ്ത്രവും പഠിക്കുന്ന സമയത്തേ ഇമ്രാൻ തന്റെ ക്രിക്കറ്റ് അഭിനിവേശം ഉപേക്ഷിച്ചിരുന്നില്ല. 1971ലാണ് പാകിസ്ഥാൻ നാഷണൽ ടീമിന് വേണ്ടി ഇമ്രാൻ ആദ്യമായി കളത്തിലിറങ്ങുന്നത്. എന്നാൽ ക്രിക്കറ്റിൽ തുടക്കക്കാരനായ ഇമ്രാന് മികവ് തെളിയിക്കാനായില്ല. 1976ൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് പഠനം പൂർത്തിയായതിന് ശേഷമാണ് സജീവമായി ക്രിക്കറ്റിലേക്കിറങ്ങുന്നത്. വളരെ പെട്ടന്നായിരുന്നു ഇമ്രാന്റെ വളർച്ച. 1980കളുടെ തുടക്കത്തിൽ ഖാൻ ഒരു അസാമാന്യ ബൗളറും ഓൾറൗണ്ടറും ആണെന്ന് തെളിയിച്ചു. 1982ൽ പാകിസ്ഥാൻ ടീമിന്റെ ക്യാപ്റ്റനായി. 1992ൽ ഇംഗ്ലണ്ടിനെ പരാജയപ്പെടുത്തി പാകിസ്ഥാൻ ലോകകപ്പിൽ മുത്തമിട്ടപ്പോൾ അത് ഇമ്രാൻ ഖാൻറെ മാത്രം നേട്ടമായി. പാകിസ്ഥാനിൽ നിന്നുള്ള ആഗോളതാരത്തിന്റെ പിറവി കൂടിയായിരുന്നു 92ലെ ലോകകപ്പ്. കരിയറിൽ 88 ടെസ്റ്റുകൾ കളിച്ച ഇമ്രാൻ 362 വിക്കറ്റുകളും 6 സെഞ്ചുറികൾ അടക്കം 3807 റൺസും നേടി. 175 ലിമിറ്റഡ് ഓവർ മത്സരത്തിൽ നിന്ന് 182 വിക്കറ്റുകളും ഒരു സെഞ്ചുറി സഹിതം 3709 റൺസുമാണ് അദ്ദേഹത്തിന്റെ സമ്പാദ്യം. ലോകകപ്പ് നേടി ആറു മാസത്തിന് ശേഷം ശ്രീലങ്കക്കെതിരായ മത്സരത്തോടെ അദ്ദേഹം തന്റെ വിജയകരമായ കരിയറിന് വിരാമമിട്ടു. തുടർന്ന് സജീവ രാഷ്ട്രീയത്തിലേക്കിറങ്ങി. 92ന് ശേഷം സൂഫി മിസ്റ്റിസിസത്തിലേക്കാണ് ഇമ്രാൻ ശ്രദ്ധ കേന്ദ്രീകരിച്ചത്. പിന്നാലെ പൊതുവിഷയങ്ങളിലും ഇടപെട്ടുതുടങ്ങി. 1985ൽ കാൻസർ ബാധിച്ച് മരിച്ച ഖാന്റെ അമ്മയുടെ പേരിലുള്ള കാൻസർ ആശുപത്രിക്കായുള്ള ധനസമാഹരണത്തിലൂടെ പാകിസ്ഥാൻ പത്രങ്ങളുടെ തലക്കെട്ടായി മാറി ഇമ്രാൻ ഖാൻ. ക്രിക്കറ്റിൽ നിന്ന് വിരമിച്ചതിന് ശേഷം ഖാൻ പാകിസ്ഥാൻ ഭരണകൂടത്തിന്റെ നിശിത വിമർശകനായി. 96ൽ പാകിസ്ഥാൻ തെഹ്‌രീക് ഇ ഇൻസാഫ് എന്ന പേരിൽ പാർട്ടി രൂപീകരിച്ചു. തൊട്ടടുത്ത വർഷം നടന്ന തെരഞ്ഞെടുപ്പിൽ ഒരു ശതമാനം മാത്രം വോട്ടുവാങ്ങി ദയനീയമായി പരാജയപ്പെട്ടു. എന്നാൽ 2002ഓടെ നില മെച്ചപ്പടുത്താനായി. 2007 ഒക്ടോബറിൽ പർവേസ് മുഷറഫിന്റെ സ്ഥാനാർത്ഥിത്വത്തിൽ പ്രതിഷേധിച്ച് ദേശീയ അസംബ്ലിയിൽ നിന്ന് രാജിവച്ച ഒരു കൂട്ടം രാഷ്ട്രീയക്കാരോടൊപ്പം ചേർന്നു ഇമ്രാൻ ഖാൻ. നവംബറിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച മുഷറഫിനെ വിമർശിച്ചവർക്കെതിരെ നടത്തിയ അടിച്ചമർത്തലിൽ ഖാൻ കുറച്ചുകാലം തടവിലായി. ഡിസംബർ പകുതിയോടെ അവസാനിച്ച അടിയന്തരാവസ്ഥയെ പി ടി ഐ അപലപിക്കുകയും മുഷറഫിന്റെ ഭരണത്തിൽ പ്രതിഷേധിച്ച് 2008 ലെ ദേശീയ തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കുകയും ചെയ്തു തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടെങ്കിലും ഇമ്രാന്റെ ജനസമ്മതി കുതിച്ചുയർന്നു. ചെറുപ്പക്കാരുടെ പിന്തുണ ഇമ്രാന് ശക്തിപകർന്നു. രാജ്യത്തെ അഴിമതിക്കെതിരെയുള്ള നാവായി മാറി ഇമ്രാൻ ഖാൻ. അഫ്ഗാനിൽ അമേരിക്ക നടത്തുന്ന അധിനിവേശ ശ്രമങ്ങൾക്കെതിരെ ശബ്ദമുയർത്തി. 2013ലെ തെരഞ്ഞെടുപ്പിൽ വമ്പൻ റാലി നടത്തി പാകിസ്ഥാനിൽ വലിയ ചലനമുണ്ടാക്കാൻ ഇമ്രാൻറെ പിടിഐക്കായി. 2013 മെയ് മാസത്തിലെ നിയമസഭാ തിരഞ്ഞെടുപ്പിന് ദിവസങ്ങൾക്ക് മുമ്പ്, ഒരു പ്രചാരണ റാലിയിൽ വേദിയിൽ നിന്ന് വീണ ഖാന്റെ തലയ്ക്കും മുതുകിനും പരുക്കേറ്റു. മണിക്കൂറുകൾക്കുള്ളിൽ അദ്ദേഹം ആശുപത്രി കിടക്കയിൽ നിന്ന് ടെലിവിഷനിൽ വോട്ട് തേടി . എന്നാൽ നവാസ് ഷെരീഫിന്റെ നേതൃത്വത്തിലുള്ള പാകിസ്ഥാൻ മുസ്‌ലിം ലീഗ്നവാസ് (പി.എം.എൽഎൻ) നേടിയതിന്റെ പകുതിയിൽ താഴെ സീറ്റുകൾ മാത്രമാണ് പാർട്ടിക്ക് ലഭിച്ചത് . തെരഞ്ഞെടുപ്പിൽ പിഎംഎൽഎൻ കൃത്രിമം കാണിച്ചെന്ന് ഖാൻ ആരോപി



ച്ചു. നവാസ് ഷെരീഫ് സ്ഥാനമൊഴിയണമെന്നാവശ്യപ്പെട്ട് നാല് മാസമാണ് ഇമ്രാൻ ഖാൻ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചത്. പ്രതിഷേധങ്ങൾ ഫലം കണ്ടില്ലെങ്കിലും 2016ൽ സുപ്രീം കോടതി നവാസ് ഷെരീഫിനെതിരെ അന്വേഷണം പ്രഖ്യാപിച്ചു. 2017ൽ ഷരീഫിനെ അയോഗ്യനാക്കി. ഇതോടെ രാജി വച്ച് പുറത്തുപോകാൻ നവാസ് ഷെരീഫ് നിർബന്ധിതനായി. അടുത്ത വർഷം, 2018 ജൂലൈയിൽ തിരഞ്ഞെടുപ്പ് നടന്നു. സൈന്യത്തിന്റെ പിന്തുണയോടെ ആഗസ്റ്റ് 18ന് അദ്ദേഹം പ്രധാനമന്ത്രിയായഅധികാരത്തിൽ വന്ന ആദ്യ മാസങ്ങൾ മികച്ച രീതിയിൽ കടന്നുപോയെങ്കിലും ഇമ്രാൻ ഖാന്റെ ഭരണ പരിചയക്കുറവ് ഇമ്രാന്റെ കസേരയിളക്കി. ക്രിക്കറ്റ് കളി പോലെ എളുപ്പമല്ല രാജ്യഭരണമെന്ന് ഇമ്രാൻ ഖാൻ തിരച്ചറിഞ്ഞു. പാളിപ്പോയ വിദേശ നയവും പണപ്പെരുപ്പവും കടവും ഇമ്രാൻ ഖാനെ പ്രതിസന്ധിയിലാഴ്ത്തി. സ്വന്തം പാർട്ടിയിൽ നിന്നുതന്നെ വിമത ശബ്ദം ഉയർന്നു. സഖ്യ കക്ഷികൾ ചുവടുമാറ്റി. പക്ഷേ ഇമ്രാന്റെ കസേരയെ പിടിച്ചുലയ്ക്കാൻ കഴിഞ്ഞില്ല. അവിശ്വാസ പ്രമേയം ചർച്ചചെയ്യാതെ സ്പീക്കർ നിലപാടെടുത്തിന് പിന്നാലെ ദേശീയ അസംബ്ലി പിരിച്ചുവിട്ടുവെന്ന് പ്രഖ്യാപിച്ചുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പ് നേരിടാൻ പാകിസ്താനോട് ആഹ്വാനം








## വീട്ടിലെ സാഹചര്യം അറിഞ്ഞിരുന്നില്ലെന്ന് അർബൻ ബാങ്ക്; സാമ്പത്തിക ബാധ്യത ഏറ്റെടുക്കുമെന്ന് മാത്യു കുഴൽനാടൻ


മൂവാറ്റുപുഴ അർബൻ ബാങ്കിന്റെ ജപ്തിക്കിരയായ ദളിത് കുടുംബത്തിന്റെ സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നതായി മാത്യു കുഴൽനാടൻ എം.എൽ.എ. ബാങ്ക് അധികൃതരുമായി സംസാരിച്ച് വായ്പ ബാധ്യത തീർക്കാനുള്ള പണം നൽകുമെന്നും വീടിന്റെ ആധാരം തിരികെവാങ്ങി ആ മക്കൾക്ക് നൽകുമെന്നും അദ്ദേഹം അദ്ദേഹം ഫേസ്ബുക് ലൈവിൽ പറഞ്ഞു. ഇത് രാഷ്ട്രീയവൽക്കരിക്കാൻ ഒരിക്കലും ആഗ്രഹിക്കുന്നില്ല. ഇത് ഒറ്റപ്പെട്ട സംഭവമല്ല. ഇതൊരു സാധാരണ സംഭവമായി നാട്ടിൽ മാറിയിരിക്കുകയാണെന്നും എം.എൽ.എ. പറഞ്ഞു. വീടിന്റെ ആധാരം തിരികെവാങ്ങി നൽകും, എല്ലാവരും ആഗ്രഹിച്ചതും ഇതുതന്നെയാണ്. ഒരുപാട് പേർ ആ കുട്ടികളുടെ അവസ്ഥ കണ്ട് വിവരങ്ങൾ തിരക്കിയിരുന്നു. ഒരുപാട് പേർ പിന്തുണ നൽകിയെന്നും മാത്യു കുഴൽനാടൻ എം എൽ എ പറഞ്ഞു.

എന്നാൽ വീട് ജപ്തി ചെയ്തതിൽ വിശദീകരണവുമായി അർബൻ ബാങ്ക് രംഗത്തെത്തി. വീട്ടിലെ സാഹചര്യം ആരും പറഞ്ഞില്ലെന്ന് അർബൻ ബാങ്ക് ചെയർമാൻ ഗോപി കോട്ടമുറിയ്ക്കൽ പ്രതികരിച്ചു. എം എൽ എയ്ക്ക് ബാങ്ക് അധികൃതരെ ബന്ധപ്പെട്ടാൽ പ്രശ്നം രമ്യമായി പരിഹരിക്കാൻ കഴിയുമായിരുന്നു. കുട്ടികളെ ഇറക്കിവിട്ട് വീട് ജപ്തി നടത്തി എന്ന ആരോപണം ശരിയല്ലെന്നും ഗോപി കോട്ടമുറിയ്ക്കൽ പറഞ്ഞു. ശനിയാഴ്ച രാത്രിയാണ് മൂവാറ്റുപുഴയിൽ ബാങ്ക് ജപ്തി ചെയ്ത വീടിന്റെ പൂട്ട് പൊളിച്ചു എംഎൽഎ വീട്ടുകാരെ അകത്തു കയറ്റിയത്. പായിപ്ര സ്വദേശി അജേഷിന്റ വീടാണ് ബാങ്ക് ജപ്തി ചെയ്തത്. ഉച്ചയ്ക്ക് വീട്ടുടമസ്ഥൻ വീട്ടിലില്ലാത്ത സമയത്താണ് മക്കളെ ഇറക്കിവിട്ടു മൂവാറ്റുപുഴ അർബൻ ബാങ്ക് വീട് ജപ്തി ചെയ്തത്.

## ഫെഡറലിസത്തിന്റെ സംരക്ഷണത്തിനായി കോൺഗ്രസുമായി കൈകോർക്കാൻ തയ്യാർ; കോൺഗ്രസ് സെമിനാറിൽ ധനമന്ത്രി കെ.എൻ ബാലഗോപാൽ

ന്യൂഡൽഹി: സിപിഎം പാർട്ടി കോൺഗ്രസിലെ സെമിനാറുകളിൽ പങ്കെടുക്കരുതെന്ന് കോൺഗ്രസ് നേതാക്കൾക്ക് കെപിസിസി താക്കിത് നൽകിയിരിക്കെ കോൺഗ്രസ് സെമിനാറിൽ പങ്കെടുത്ത് ധനമന്ത്രി കെ.എൻ. ബാലഗോപാൽ. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് മുൻകൈയെടുത്ത് സംഘടിപ്പിച്ച സെമിനാറിലാണ് സിപിഎം നേതാവ് എത്തിയത്. അഞ്ച് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് തോൽവിയ്ക്ക് ശേഷം സിപിഎം , കോൺഗ്രസിൽ നിന്നും ദേശീയ തലത്തിൽ അകലുന്നു എന്ന വാർത്ത പുറത്ത് വരുമ്പോഴാണ് സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം കൂടിയായ ബാലഗോപാൽ ജവഹർ ഭവനിലെ സെമിനാറിൽ പങ്കെടുത്തത്. ഫെഡറലിസത്തിന്റെ സംരക്ഷണത്തിനായി കോൺഗ്രസുമായി കൈകോർക്കാൻ തയാറാണെന്നു ബാലഗോപാൽ വേദിയിൽ പ്രഖ്യാപിക്കുകയും ചെയ്തു.






## ആന്ധ്രയിൽ ഒറ്റയടിക്ക് 13 ജില്ലകൾ പ്രഖ്യാപിച്ച് ജഗൻമോഹൻ റെഡ്ഡി സർക്കാർ

ആന്ധ്രപ്രദേശിൽ ഒറ്റയടിക്ക് 13 ജില്ലകൾ പ്രഖ്യാപിച്ച് വൈ.എസ് ജഗൻമോഹൻ റെഡ്ഡി സർക്കാർ. 13 ജില്ലകളുണ്ടായിരുന്ന സംസ്ഥാനത്ത് പ്രഖ്യാപനത്തോടെ 26 ജില്ലകളുണ്ടാകും. ഇന്നാണ് ഇത് സംബന്ധിച്ചുള്ള ഔദ്യോഗിക പ്രഖ്യാപനമുണ്ടാകുക. ഇതിനാവശ്യമായ നടപടികളെല്ലാം വൈഎസ്ആർ കോൺഗ്രസ് നേതാവ് കൂടിയായ മുഖ്യമന്ത്രി ജഗൻമോഹൻ റെഡ്ഡിയുടെ നേതൃത്വത്തിൽ നടന്നിരിക്കുകയാണ്. ഇന്ന് തന്നെ ജില്ലകളിൽ ചുമതലയേറ്റെടുക്കാൻ ഓഫീസർമാർക്ക് നിർദേശം നൽകിയ മുഖ്യമന്ത്രി അതിനുവേണ്ട നടപടികൾ പൂർത്തിയാക്കാനും പറഞ്ഞിട്ടുണ്ട്. ജില്ലകളുടെ പോർട്ടലുകളും ഹാൻഡ് ബുക്കുകളും അദ്ദേഹം തന്നെ ഇന്ന് പ്രകാശനം ചെയ്യും. വാർഡുകളിലും ഗ്രാമങ്ങളിലും അക്ഷീണം പ്രവർത്തിച്ച വളണ്ടിയർമാരെ ഏപ്രിൽ ആറിന് മുഖ്യമന്ത്രി അഭിനന്ദിക്കും. ജില്ലകൾ പുനഃക്രമീകരിക്കാനായി നാലു ഉപസമിതികൾ മുഖ്യമന്ത്രിയുടെ മേൽനോട്ടത്തിൽ രൂപവത്കരിച്ചിരുന്നു. മുമ്പ് ആന്ധ്രപ്രദേശിന് മൂന്ന് തലസ്ഥാനമെന്ന വിവാദ ബില്ല് ജഗൻ സർക്കാർ റദ്ദാക്കി അമരാവതിയെ ആന്ധ്രയുടെ സ്ഥിരം തലസ്ഥാനമാക്കിയിരുന്നു. വിശാഖപട്ടണം എക്സിക്യൂട്ടീവ്(ഭരണനിർവഹണ) തലസ്ഥാനമായും അമരാവതി ലെജിസ്ലേറ്റീവ്(നിയമനിർമാണ) തലസ്ഥാനമായും കർണൂൽ ജുഡീഷ്യൽ(നീതിന്യായ) തലസ്ഥാനമായും തിരിച്ചുള്ള എ.പി ഡീസെൻട്രലൈസേഷൻ ആൻഡ് ഇംക്ലൂസീവ് ഡെവലപ്മെന്റ് ബില്ലാണ് ആന്ധ്ര സർക്കാർ പിൻവലിച്ചത്. അമരാവതിയെ ആന്ധ്രയുടെ തലസ്ഥാനമാക്കിക്കൊണ്ടുള്ള ചന്ദ്രബാബു നായിഡു സർക്കാർ തീരുമാനമാണ് വൈഎസ്ആർ സർക്കാർ റദ്ദാക്കിയിരുന്നു. ഇതിനു പകരമായാണ് മൂന്നു തലസ്ഥാനങ്ങൾ എന്ന നിർദേശം മുന്നോട്ടുവച്ചത്. മൂന്നു മേഖലകൾക്കും തുല്യ പരിഗണനയും വികസനവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരമൊരു നീക്കമെന്നാണ് സർക്കാർ അറിയിച്ചിരുന്നത്. എന്നാൽ, തീരുമാനത്തിനെതിരെ സംസ്ഥാനത്തുടനീളം വലിയ രീതിയിലുള്ള പ്രതിഷേധമാണ് ഉയർന്നത്. മൂന്ന് തലസ്ഥാന നീക്കത്തിനെതിരെ 700 ദിവസത്തോളം കർഷകരുടെ നേതൃത്വത്തിൽ പ്രതിഷേധ പരിപാടികൾ നടന്നു. വിശാഖപട്ടണത്തും കർണൂലിലുമെല്ലാം കൃഷിഭൂമി ഏറ്റെടുക്കാനുള്ള സർക്കാർ നീക്കവും വൻപ്രതിഷേധം വിളിച്ചുവരുത്തി. തുടർന്നായിരുന്നു സർക്കാറിന്റെ യുടേൺ. പ്രദേശം അവഗണിക്കപ്പെടുന്നുവെന്ന് കാണിച്ച് ആന്ധ്രപ്രദേശ് വിഭജിച്ച് തെലങ്കാന സംസ്ഥാനം രൂപവത്കരിച്ചിരുന്നു. രൂപവത്കരണത്തിന് നേതൃത്വം നൽകിയ കോൺഗ്രസിന് ഇരു സംസ്ഥാനങ്ങളിലും ഭരണം നഷ്ടമായപ്പോൾ ആന്ധ്രയിൽ ജഗൻമോഹന്റെ




# സമ്മാന പെരുമഴയുമായി ഇന്ത്യൻ ഓയിലിന്റെ മേട പുലരി

സമ്മാന പെരുമഴയുമായി ഇന്ത്യൻ ഓയിലിന്റെ മേടപുലരി വിപണന മേളയ്ക്ക് തുടക്കമായി. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് ഡിവിഷണൽ ഓഫീസിനു കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട 350 റീട്ടെയ്ൽ ഔട്ട്ലൈറ്റുകളിൽ മേടപുലരി ഓഫർ ഉണ്ടായിരിക്കും. 200 രൂപയ്ക്ക് ഇന്ധനം നിറയ്ക്കുന്ന ഇരുചക്ര-മുച്ചക്ര വാഹനങ്ങൾക്കും കുറഞ്ഞത് 500 രൂപയ്ക്ക് ഇന്ധനം നിറയ്ക്കുന്നു. നാലു ചക്രവാഹനങ്ങൾക്കുംഒരു എസ്എംഎസിലൂടെ മത്സരത്തിൽ പങ്കെടുക്കാം.അങ്കമാലി പോങ്ങം സ്വാഗത് റീട്ടെയ്ൽ ഔട്ട്ലെറ്റിൽ ഇന്ത്യൻ ഓയിൽ ചെയർമാൻ എസ്. എം വൈദ്യ മേടപുലരി വിപണന മേള ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ഓയിൽ മാർക്കറ്റിങ്ങ് ഡയറക്ടർ വി. സതീഷ്കുമാർ ഇന്ത്യൻ ഓയിൽ എക്സിക്യൂട്ടീവ് ഡയറക്ടറും സംസ്ഥാന തലവുമായ വി.സി. അശോകൻ എന്നിവർ പങ്കെടുത്തു.വിഷു ഉത്സവത്തിന്റെ ഭാഗമായി നടക്കുന്ന മേടപുലരി ഒട്ടേറെ സമ്മാനങ്ങൾ ഉണ്ട്. 3 ബജാജ് ക്യൂട്ട് റീഗോ കാറുകൾ, 17 ഇലക്ട്രിക് ഓപ്പറ്റിമ എച്ച് എക്സ് ഇവി, കോപ്പർ ജഗുകൾ, ബോട്ട് ഫ്ളാഷ് എഡിഷൻ സ്മാർട്ട് വാച്ചുകൾ, 121 ബോട്ട് എയർ ഡ്രോപ്സ് എന്നിവ സമ്മാനങ്ങളിൽ ഉൾപ്പെടും. മേട പുലരി മേള മേയ് 31 വരെ നീണ്ടു നിൽക്കും. പ്രീമിയം പെട്രോൾ എക്സ് പി 100-ന്റെ വിപണനോദ്ഘാടനവും എസ്എം വൈദ്യ നിർവഹിച്ചു. എക്സ് പി 100 ലഭ്യമാകുന്ന സംസ്ഥാനത്തെ എട്ടാമത്തെ ഔട്ട്ലെറ്റാണിത്. ഇതോടനുബന്ധിച്ച് നടന്ന എക്സ്പി 100 ബൈക്ക് റാലി എസ്എം വൈദ്യയും സതീഷ് കുമാറും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു. 50-ഓളം ബൈക്കുകൾക്ക് എക്സ് പി 100 പ്രീമിയ ഇന്ധം നിറയ്ക്കുകയും ചെയ്തു. ഉപഭോക്താക്കൾക്ക് മികച്ച സേവനവും മികച്ച ഉല്പന്നങ്ങളും ലഭ്യമാക്കാൻ ഇന്ത്യൻ ഓയിൽ പ്രതിജ്ഞാബദ്ധമാണെന്ന് എസ്എം വൈദ്യ പറഞ്ഞു. ഗുണമേന്മയേറിയ ഉല്പന്നം ലഭ്യമാക്കുന്നതിനാണ് ഐഒസി മുൻഗണന നല്കുന്നതെന്ന് സതീഷ്കുമാർ ചൂണ്ടിക്കാട്ടി.ക്രിസ്മസ്- നവവത്സര പരിപാടിയിലെ വിജയികൾക്ക് സമ്മാനങ്ങളും വിതരണം ചെയ്തു. 325 ഡീലർമാർ പങ്കെടുത്ത പ്രചാരണ പരിപാടിയിൽ കാറുകളും ബൈക്കുകളും ഉൾപ്പെടെ 557 സമ്മാനങ്ങളാണ് നല്കിയത്.



# ഏഴ് മാസത്തിനിടയിലെ ഏറ്റവും മികച്ച പ്രതിവാര നേട്ടത്തിൽ ഓഹരി വിപണി

കൊച്ചി: പുതിയ സാമ്പത്തിക വർഷത്തിൽ തകർപ്പൻ പ്രകടനത്തിനുള്ള തയ്യാറെടുപ്പിലാണ് ഇന്ത്യൻ ഓഹരി വിപണി. ഏഴ് മാസത്തിനിടയിലെ ഏറ്റവും മികച്ച പ്രതിവാര നേട്ടത്തിലാണ് മുൻ നിര ഇൻഡക്സുകൾ. സെൻസെക്സ് 1914 പോയിന്റും നിഫ്റ്റി 517 പോയിന്റും മാർച്ച് അവസാന വാരം മുന്നേറി. പിന്നിട്ട സാമ്പത്തിക വർഷത്തിൽ ബി.എസ്.ഇ, എൻ.എസ്.ഇ സൂചികകൾ 18 ശതമാനം വർധിച്ചു. യുദ്ധ രംഗത്ത് നിന്നും സമാധാന വാർത്തകൾ പുറത്തു വരുമെന്ന പ്രതീക്ഷകൾക്കിടയിൽ ആഗോള ക്രൂഡ് ഓയിൽ വില താഴ്ന്നത് ഓഹരി വിപണിയുടെ തിരിച്ച് വരവിന് വേഗത പകരുമെന്ന നിഗമനത്തിലാണ് ഒരു വിഭാഗം നിക്ഷേപകർ. ആർ.ബി.ഐ വായ്പ അവലോകനത്തിന് ഒരുങ്ങുകയാണ്, പലിശ നിരക്കിൽ ഭേദഗതികൾക്ക് നീക്കം നടത്താം. ഇതും വിപണിയെ സ്വാധീനിച്ചേക്കും നിഫ്റ്റിയിൽ മുൻ നിരയിലെ 37 ഓഹരികൾ നേട്ടം കൈവരിച്ചു. എട്ട് ശതമാനം മികവിൽ മഹീന്ദ്ര ആൻഡ് മഹീന്ദ്ര മികവ് കാണിച്ചു. ടാറ്റ കൺസ്യൂമർ പ്രോഡക്ട്സ്, ആക്സിസ് ബാങ്ക്, പവർ ഗ്രിഡ്, ഭാരതി എയർടെൽ ഓഹരി വിലകൾ ഏഴ് ശതമാനം ഉയർന്നു. ഇൻഫോസിസ്, ടി.സി.എസ്, ഐ.ടി.സി, സൺ ഫാർമ്മ, എസ്.ബി.ഐ, മാരുതി തുടങ്ങിയവ ശ്രദ്ധിക്കപ്പെട്ടു. ഹിൻഡാൽകോ,ഹീറോ മോട്ടോകോർപ്പ്, ഒ.എൻ.ജി.സി, അപ്പോളോ ഹോസ്പിറ്റൽ ഓഹരി വിലകൾ എട്ട്ശതമാനം വരെ ഇടിഞ്ഞു. ബോംബെ സെൻസെക്സ് 57,362 പോയിന്റിൽ നിന്നും 56,916 ലേയ്ക്ക് തുടക്കത്തിൽ തളർന്ന അവസരത്തിൽ ബുൾ ഇടപാടുകാർ മുൻ നിര ഓഹരികളിൽ കാണിച്ച താൽപര്യം സൂചിയെ 59,396.62 വരെ ഉയർത്തി. ഈ അവസരത്തിൽ ഒരു വിഭാഗം നിക്ഷേപകർ ലാഭമെടുപ്പിന് മത്സരിച്ചതോടെ വാരാന്ത്യം സൂചിക 59,276 ൽ ക്ലോസിങ് നടന്നു. ഈവാരം സെൻസെക്സിന് 60,140-61,000 പോയിന്റിൽ പ്രതിരോധവും 57,662-56,050 താങ്ങും പ്രതീക്ഷിക്കാം. നിഫ്റ്റി ഓപ്പണിങ് വേളയിൽ 17,000 ലെസപ്പോർട്ട് നിലനിർത്തുന്നതിൽ കൈവരിച്ച വിജയം ഓപ്പറേറ്റർമാരെ ബ്ലൂചിപ്പ് ഓഹരികളിൽ നിക്ഷേപത്തിന് പ്രേരിപ്പിച്ചു. ഇതോടെ സൂചിക 17,700 ലെ പ്രതിരോധം തകർത്ത ശേഷം 17,670 ൽ വ്യാപാരം അവസാനിച്ചു. സൂചിക 17,900 ലേയ്ക്ക് മുന്നേറാനുള്ള ശ്രമത്തിലാണ്. ഈ നീക്കം വിജയിച്ചാൽ അടുത്ത ചുവടുവെപ്പിൽ 18,140 നെ ലക്ഷ്യമാക്കി നീങ്ങും. വിപണി വീണ്ടും തിരുത്തലിന് മുതിർന്നാൽ 17,230 ൽ താങ്ങുണ്ട്. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിൽ വില വീണ്ടും ഇടിഞ്ഞു. ബാരലിന് 121 ഡോളറിൽ നിന്ന് 14 ശതമാനം കുറഞ്ഞ് 103.66 ഡോളറിലെത്തി. ഇതിനിടയിൽ രൂപ അടിസ്ഥാനത്തിലുള്ള ക്രൂഡ് ഇറക്കുമതിക്ക് ഇന്ത്യാ-റഷ്യ ചർച്ചകൾ പുരോഗമിക്കുന്നു. ഇറക്കുമതി ചിലവ് ഉയരുമെങ്കിലും വിപണി വിലയിലും താഴ്ത്തി എണ്ണ കയറ്റുമതിക്ക് റഷ്യ തയ്യാറായത് സാമ്പത്തിക മേഖലയ്ക്ക് അനുകൂലമാണ്. ഡോളറിന് ഡിമാൻറ് കുറയുന്നത് വിനിമയ വിപണിയിൽ രൂപയ്ക്ക് നേട്ടമാവും. വിദേശ ഓപ്പറേറ്റർമാർ പോയവാരം പല അവസരത്തിലും നിക്ഷേപത്തിന് ഉത്സാഹിച്ചു. മൊത്തം 6391 കോടി രൂപയുടെ ഓഹരികളിൽ അവർ നിക്ഷേപം ഇറക്കിയതിനൊപ്പം 801 കോടി രുപയുടെ വിൽപ്പനയും നടത്തി. ആഭ്യന്തര ഫണ്ടുകൾ വാരാന്ത്യ ദിനത്തിൽ 184 കോടി രൂപയുടെ ഓഹരികൾ വിറ്റു, അതേ സമയം മറ്റ് എല്ലാ ദിവസങ്ങളിലും വാങ്ങലുകാരായി മൊത്തം 5236 കോടി രൂപ നിക്ഷേപിച്ചു.

# ഫെബ്രുവരിയിൽ വാട്സ്ആപ്പ് നിരോധിച്ചത് 14.26 ലക്ഷം ഇന്ത്യൻ അക്കൗണ്ടുകൾ

ന്യൂഡൽഹി□ തങ്ങളുടെ മാർഗനിർദേശങ്ങൾ ലംഘിച്ച ഇന്ത്യൻ അക്കൗണ്ടുകൾക്കെതിരെ നടപടിയുമായി വാട്സ്ആപ്പ്.ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ 14.26 ലക്ഷം ഇന്ത്യക്കാരുടെ വാട്ട്സ്ആപ്പ് അക്കൗണ്ടുകളാണ് കമ്പനി റദ്ദാക്കിയത്. എന്നാൽ ഗ്രീവൻസ് റിപ്പോർട്ട് അനുസരിച്ച് 335 അക്കൗണ്ടുകൾക്കെതിരെ പരാതി ലഭിച്ചതിൽ ഫെബ്രുവരി ഒന്നു മുതൽ 28 വരെയുള്ള ദിവസങ്ങളിൽ 21 അക്കൗണ്ടുകൾക്കെതിരെ നടപടി എടുത്തെന്നും റിപ്പോർട്ടുകളുണ്ട്.ജനുവരിയിൽ വാട്ട്സ്ആപ്പ് 1.8 ദശലക്ഷം അക്കൗണ്ടുകൾക്കെതിരെ നടപടി സ്വീകരിച്ചിരുന്നു. വ്യാജവാർത്തകൾ കൈമാറുന്നതും മറ്റു ഉപയോക്താക്കളെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതുമായ അക്കൗണ്ടുകളാണ് പ്രധാനമായും വാട്സ്ആപ്പ് റദ്ദ് ചെയ്യുന്നത്.



# സാംസങ് ഗാലക്സി എം33 5ജി ഇന്ത്യൻ വിപണിൽ; വില 18,999 രൂപ മുതൽ

ന്യൂഡൽഹി□ ഒടുവിൽ സാംസങ് എം33 5ജി സ്മാർട്ട്ഫോൺ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. ഗാലക്സി എം സീരീസിലുള്ള സാംസങിന്റെ ഏറ്റവും പുതിയ സ്മാർട്ട് ഫോൺ ആണിത്. മിഡ് റേഞ്ചിലുള്ള ഫോൺ വാങ്ങുന്നവരെ ലക്ഷ്യം വച്ചുള്ളതാണ് എം33 5ജി. കമ്പനിയുടെ സ്വന്തം 5എൻഎം ഒക്ടാ കോർ എക്സിനോസ് പ്രോസസറും 8 ജിബി വരെ റാമും 128 ജിബി സ്റ്റോറേജും ചേർന്നാണ് എം33 5ജി പ്രവർത്തിപ്പിക്കുന്നത്. സ്മാർട്ട്ഫോണിന്റെ പിൻഭാഗത്ത് ക്വാഡ് കാമറ സജ്ജീകരണവും 25ഡബ്ല്യു ഫാസ്റ്റ് ചാർജിംഗിന് പിന്തുണയുള്ള 6000എംഎഎച്ച് ബാറ്ററിയും ഫീച്ചർ ചെയ്യുന്നു.സാംസങ് ഗാലക്സി എം33 5ജിയുടെ സവിശേഷതകൾ സാംസങ് ഗാലക്സി എം33 5ജിയിൽ 6.6 ഇഞ്ച് ഫുൾ എച്ച്ഡി+ ഇൻഫിനിറ്റി-വി ഡിസ്പ്ലേയാണുള്ളത്. 120 ഹെർട്സ് ആണ് ഫോണിന്റെ റിഫ്രഷിങ് നിരക്ക്. ഗ്ലാസിന് ഗൊറില്ല ഗ്ലാസ് 5 ആണ് സംരക്ഷണം നൽകിയിരിക്കുന്നത്. പേരിടാത്ത ഒക്ടാകോർ 5എൻഎം എക്സിനോസ് പ്രൊസസറാണ് സ്മാർട്ട്ഫോണിന് കരുത്ത് നൽകുന്നത്. 8ജിബി വരെ റാമും 128ജിബി സ്റ്റോറേജും ജോടിയാക്കിയിരിക്കുന്നു. ഇൻബിൽറ്റ്സ്റ്റോറേജ്ഉപയോഗിച്ച് സ്മാർട്ട്ഫോണിന്റെ റാം 8 ജിബിയിൽ നിന്ന് 16 ജിബിയായി വിപുലീകരിക്കാൻ സാധിക്കുന്ന റാം പ്ലസ് സവിശേഷതയും ഗാലക്സി എം 33യ്ക്കുണ്ട്. ഗാലക്സി എം33 5ജി ഒരു ക്വാഡ്-റിയർ കാമറ സജ്ജീകരണത്തെ അവതരിപ്പിക്കുന്നുണ്ട്. അതിൽ എഫ്/1.8 അപ്പേർച്ചറുള്ള 50 മെഗാപിക്സൽ പ്രൈമറി സെൻസർ, 120ഡിഗ്രി ഫീൽഡുള്ള 5 മെഗാപിക്സൽ അൾട്രാ വൈഡ് ആംഗിൾ സെൻസർ എന്നിവ ഉൾപ്പെടുന്നു. മുൻവശത്ത് സെൽഫികൾക്കായി 8 മെഗാപിക്സൽ കാമറയുണ്ട്. ഫോണിൽ കണക്റ്റിവിറ്റിക്കായി, 5ജി, വൈഫൈ, ബ്ലൂടൂത്ത്, ജിപിഎസ് എന്നിവയും ഉൾപ്പെടുന്നു.സാംസങ് ഗാലക്സി എം33 5ജിയുടെ വിലയും ലഭ്യതയും സാംസങ് ഗാലക്സി എം33 5ജി യുടെ അടിസ്ഥാന 6ജിബി+128ജിബി വേരിയന്റിന് 18,999 രൂപയാണ് വില. 8ജിബി+128ജിബി സ്റ്റോറേജ് വേരിയന്റിന് 20,499 രൂപയാണ് വില വരുന്നത്. എന്നാൽ ആദ്യം വാങ്ങുന്നവർക്ക് രണ്ട് വേരിയന്റുകളിലും കിഴിവ് ലഭിക്കും. ആദ്യം വാങ്ങുന്നവർക്ക് യഥാക്രമം 17,999, 19,999 എന്നീ വിലയ്ക്ക് ലഭ്യമാകുമെന്നാണ് റിപ്പോർട്ടുകൾ. സാംസങ് ഗാലക്സി എം33 പച്ച, നീല എന്നീ രണ്ട് നിറങ്ങളിലാണ് വാഗ്ദാനം ചെയ്യുന്നത്. ഏപ്രിൽ 8 മുതൽ സാംസങ് ഓൺലൈൻ സ്റ്റോറിന്റെ ഔദ്യോഗിക വെബ്സൈറ്റായ ആമസോണിൽ ഫോൺ ലഭ്യമാകും.

# തിരിച്ചടി നേരിട്ട് ജിയോ, നഷ്ടപെട്ടത് 93 ലക്ഷം വരിക്കാരെ

ഇന്ത്യയിലെ ഏറ്റവും വലിയ ടെലികോം കമ്പനിയായ ജിയോ തിരിച്ചടി നേരിട്ടതായി റിപ്പോർട്ടുകൾ. മൊബൈൽ താരീഫ് നിരക്കുകൾ 25 ശതമാനം വർധിച്ചതിന് പിന്നാലെ മുൻനിര ടെലികോം കമ്പനി സേവനങ്ങൾ ഉപേക്ഷിക്കുന്ന വരിക്കാരുടെ എണ്ണവും കുത്തനെ കൂടിയെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇതുവരെയുള്ളതിൽ ഏറ്റവും പകർച്ച ശേഷി കൂടിയത് ടെലികോം റെഗുലേറ്ററി അതോറിറ്റിയുടെ കണക്കുകൾ പ്രകാരം വരിക്കാരുടെ എണ്ണത്തിൽ നഷ്ടം സംഭവിക്കാത്തത് എയർടെല്ലിന് മാത്രമാണെന്നാണ് വിലയിരുത്തൽ. ജിയോ, വിഐ എന്നിവയ്ക്കെല്ലാം തിരിച്ചടി കിട്ടിയിട്ടുണ്ട്. ഡിസംബറിലും ജിയോയ്ക്ക് നഷ്ടമുണ്ടായിരുന്നു. 93 ലക്ഷം വരിക്കാരെയാണ് ജിയോയ്ക്കാണ് 31 ദിവസത്തിനിടെ നഷ്ടപ്പെട്ടത്. വോഡഫോൺ ഐഡിയക്ക് 3.89 ലക്ഷം വരിക്കാരെയും നഷ്ടപ്പെട്ടിട്ടുണ്ട്.ജിയോയുടെ എതിരാളികളായ ഭാരതി എയർടെലിന് ജനുവരിയിൽ 7.14 ലക്ഷം പുതിയ ഉപഭോക്താക്കളെ ലഭിച്ചിരുന്നു. ജനുവരിയിൽ ജിയോയ്ക്ക് 93.22 ലക്ഷം വരിക്കാരെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്. അതേസമയം, എയർടെലിന്റെ വരിക്കാരുടെ എണ്ണം 35.54 കോടിയായിട്ടുണ്ട്.




# ’കിരീടമുയർത്തി ഓസ്ട്രേലിയൻ വനിതകൾ’; വനിതാ ഏകദിന ലോകകപ്പ് കിരീടം ഓസ്ട്രേലിയയ്ക്ക്

വനിതാ ഏകദിന ലോകകപ്പ് കിരീടം ഓസ്ട്രേലിയയ്ക്ക്.ഫൈനലിൽ ഇംഗ്ലണ്ടിനെ 71 റൺസിനാണ് തോൽപ്പിച്ചത്. ഓസ്ട്രേലിയയുടെ 356 റൺസ് പിന്തുടർന്ന ഇംഗ്ലണ്ടിന് 43.4 ഓവറിൽ 285 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ. മറുപടി ബാറ്റിംഗിൽ വേഗം സ്കോർ ചെയ്യാൻ ശ്രമിച്ചെങ്കിലും ഇടയ്ക്കിടയ്ക്ക് വിക്കറ്റ് കൊഴിയുന്നത് തടയാൻ ഇംഗ്ലണ്ടിനായില്ല. 121 പന്തിൽ 15 ഫോറും ഒരു സിക്സറും സഹിതം 148* റൺസുമായി പുറത്താകാതെനിന്ന നാടലീ സൈവറുടെ പോരാട്ടം പാഴായി. തകർപ്പൻ സെഞ്ചുറിയുമായി നാടലീ സൈവർ തകർത്തടിച്ചെങ്കിലും പങ്കാളികളുടെ സ്കോർ ഒരിക്കൽ പോലും 30 കടക്കാതിരുന്നത് ഇംഗ്ലണ്ടിന് പ്രഹരമായി. മൂന്ന് വിക്കറ്റുമായി അലാന കിംഗും ജെസ് ജൊനാസനും രണ്ട് പേരെ പുറത്താക്കി മെഗൻ ഷൂട്ടും ഇംഗ്ലണ്ടിനെ പ്രതിരോധത്തിലാക്കുകയായിരുന്നു. മി ബ്യൂമോണ്ട്(27), ക്യാപ്റ്റൻ ഹീതർ നൈറ്റ്(26), എമി ജോൺസ്(20), സോഫിയ ഡൻക്ലി(23), കാതറീൻ ബ്രൂണ്ട്(1), സോഫീ എക്കിൾസ്റ്റൺ(3), കെയ്റ്റ് ക്രോസ്, അന്യാ ശ്രുബ്സോലെ(1) എന്നിങ്ങനെയായിരുന്നു സ്കോർ. നേരത്തെ ആലീസ ഹീലിയുടെ സെഞ്ചുറിയുടെ കരുത്തിൽ ഇംഗ്ലണ്ടിന് മുന്നിൽ 357 റൺസിൻറെ വിജയലക്ഷ്യം മുന്നോട്ടുവെക്കുകയായിരുന്നു ഓസ്ട്രേലിയ. ക്രൈസ്റ്റ് ചർച്ചിൽ ആദ്യം ബാറ്റ് ചെയ്ത ഓസീസ് 50 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 356 റൺസ് നേടി.

EDITORS CHOICE



# ഗൂഗിൾ മാപ്പിൽ കണ്ടെത്തിയത് നിഗൂഢമായ ’രക്ത തടാകം’!

ഇതാദ്യമായല്ല ഗൂഗിൾ മാപ്പിൽ വിചിത്രമായ എന്തെങ്കിലും കണ്ടെത്തുന്നത്. കഴിഞ്ഞ മാസം, ഒരു ഉപയോക്താവ് ഫ്രാൻസിൽ ഒരു വലിയ പാമ്പിന്റെ അസ്ഥികൂടം കാണുകയും വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിക്കുകയും ചെയ്തിരുന്നു. ഗൂഗിൾ മാപ്സിൽ വളരെ വിചിത്രമെന്ന് തോന്നുന്ന ചില കണ്ടെത്തലുകളുണ്ടാവാറുണ്ട്. അതിൽ മിക്കതും സോഷ്യൽമീഡിയയിൽ വൈറലാവാറുമുണ്ട്. ഇപ്പോഴിതാ അത്തരത്തിലൊന്നാണ് വൈറലാകുന്നത്. യുഎസ്സിലെ സൗത്ത് ഡക്കോട്ടയിലെ മണൽകുന്നുകളിൽ മറഞ്ഞിരിക്കുന്ന ’രക്ത തടാക’മാണ് ഒരാൾ കണ്ടെത്തിയിരിക്കുന്നത്. എന്ന ഉപയോക്താവാണ് കണ്ടെത്തൽ സോഷ്യൽ മീഡിയയിൽ അപ്ലോഡ് ചെയ്തത്. ഈ വിചിത്രമായ കണ്ടെത്തലിന്റെ സ്ക്രീൻഷോട്ട് സബ്റെഡിറ്റ് r/ഏീഴഹലങമുൽ ഒരു ഉപയോക്താവ് പങ്കിട്ടു, ‘സൗത്ത് ഡക്കോട്ടയിൽ ഞാൻ ഒരു ബ്ലഡ് ലേക്ക് കണ്ടെത്തിയതായി കരുതുന്നു...‘ എന്ന അടിക്കുറിപ്പോടെയാണ് അത് പോസ്റ്റ് ചെയ്തിരിക്കുന്നത്. ബ്ലാക്ക് ഹിൽസ് നാഷണൽ ഫോറസ്റ്റിൽ സ്ഥിതി ചെയ്യുന്ന ചുവന്ന നിറമുള്ള തടാകത്തിന്റെ നിഗൂഢമായ ഏരിയൽ ഷോട്ട് ഇതിൽ കാണാം. സൗത്ത് ഡക്കോട്ടയുടെ പടിഞ്ഞാറ് ഭാഗത്തും അയൽരാജ്യമായ വ്യോമിംഗിന്റെ അതിർത്തിയിലും സ്ഥിതി ചെയ്യുന്ന ഈ വനം പർവതാരോഹകരുടെയും ക്യാമ്പർമാരുടെയും ഒരു ജനപ്രിയ സ്ഥലമാണെന്ന് ദ സയൻസ് ടൈംസ് റിപ്പോർട്ട് ചെയ്തു. എന്നാൽ, ഇത് സ്വർണ്ണഖനനത്തിന്റെയും തടി ഉൽപാദനത്തിന്റെയും ആസ്ഥാനമാണ്, തടാകത്തിന്റെ നിറവ്യത്യാസത്തിന് ഈ വ്യവസായം ഉത്തരവാദിയായിരിക്കാമെന്ന് ഒരു ഉപയോക്താവ് അഭിപ്രായപ്പെട്ടു. ഇതാദ്യമായല്ല ഗൂഗിൾ മാപ്പിൽ വിചിത്രമായ എന്തെങ്കിലും കണ്ടെത്തുന്നത്. കഴിഞ്ഞ മാസം, ഒരു ഉപയോക്താവ് ഫ്രാൻസിൽ ഒരു വലിയ പാമ്പിന്റെ അസ്ഥികൂടം കാണുകയും വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിക്കുകയും ചെയ്തിരുന്നു. എന്നാൽ, പിന്നീട്, സ്നോപ്സ് നടത്തിയ അന്വേഷണത്തിൽ, ഈ വൈറലായ ’പാമ്പിന്റെ അസ്ഥികൂടം’ യഥാർത്ഥത്തിൽ ലെ സെർപ്പന്റ് ഡി’ ഓഷ്യൻ എന്നറിയപ്പെടുന്ന ഒരു വലിയ ലോഹ ശിൽപമാണെന്ന് കണ്ടെത്തി.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com